# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.പി.ടി.എ.പി 6 - 240/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 16/03/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 3-1 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.പി.ടി.എ.പി 6 - 240/2022 തീയ്യതി: 16/03/2022

## പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2019 മുതൽ 05-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പി.കെ വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 01-04-2019 | 31-03-2020 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-02-2022 | 21-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ എൻ പ്രദീപ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ഷൈജു വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഹരികുമാർ എസ്സ്, ഓഡിറ്റർ
ശ്രീമതി ദീപ കെ എസ്സ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോസഫ് കുര്യാക്കോസ് | പ്രസിഡന്റ് | 01-04-2020 | 11-04-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി അനിത അനിൽകുമാർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ സൈമൺ വർഗ്ഗീസ് | സെക്രട്ടറി | 01-04-2020 | 11-06-2020 |
| ശ്രീ പി ബി സജി(ഇൻ ചാർജ്) | സെക്രട്ടറി | 12-06-2020 | 21-06-2020 |
| ശ്രീ മൈക്കിൾ സി | സെക്രട്ടറി | 22-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. വർഗ്ഗീസ് നീത ജോയി | വെറ്ററിനറി സർജൻ | 01-04-2019 | 30-06-2020 |
| ഡോ. രാജു മാത്യു | വെറ്ററിനറി സർജൻ | 01-07-2020 | 31-03-2021 |
| ശ്രീ രാജ് മോഹൻ തമ്പി | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ പി ബി സജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി സൗമ്യ എം എസ്സ് | ഐ സിഡി എസ്സ് സൂപ്പർവൈസർ | 01-04-2019 | 28-10-2020 |
| ശ്രീമതി സുധർമ്മിണി എസ്സ് | ഐ സിഡി എസ്സ് സൂപ്പർവൈസർ | 29-10-2020 | 31-03-2021 |
| ശ്രീ മുഹമ്മദ് റാഫി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ അനിൽ എബ്രഹാം | കൃഷി ഓഫീസർ | 01-04-2020 | 11-06-2020 |
| ശ്രീമതി ലാൽ കുമാരി കെ(ഇൻ ചാർജ്) | കൃഷി ഓഫീസർ | 12-06-2020 | 07-10-2020 |
| ശ്രീ എം.റ്റി മുത്തു | കൃഷി ഓഫീസർ | 08-10-2020 | 31-03-2021 |

| | | | |
|---|---|---|---|
| സ്വാമി | | | |
| ശ്രീ സജീഷ് കുമാർ ജെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ ദിപു ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-12-2020 |
| ശ്രീ എ സതീഷ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2021 | 10-03-2021 |
| ശ്രീ വിജി ശ്രീകുമാർ (അഡീഷണൽ ചാർജ്) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11-03-2021 | 31-03-2021 |
| ഡോ. ദിവ്യ എസ്സ് കുമാർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 28-02-2021 |
| ഡോ.സതീഷ് കുമാർ ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-03-2021 | 31-03-2021 |
| ഡോ. ലേഖാ റ്റി ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 11-11-2020 |
| ഡോ. ശാന്താറാം കെ ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 12-11-2020 | 31-03-2021 |

.

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K S Deepa (Auditor, On 20-02-2022)<br>Last Updated By: Johncy John (Computer Assistant, On 11-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jayaprabha P (Asst. Audit Officer, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 15-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jayaprabha P (Asst. Audit Officer, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Jayaprabha P (Asst. Audit Officer, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Jayaprabha P (Asst. Audit Officer, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Jayaprabha P (Asst. Audit Officer, On 24-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: N Pradeep Kumar (Audit Officer (HG), On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Jayaprabha P (Asst. Audit Officer, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: K S Deepa (Auditor, On 21-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-8 |
| 10 | മറ്റ് ആഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K S Deepa (Auditor, On 21-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: N Pradeep Kumar (Audit Officer (HG), On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 04-04-2022) | 1-10 |
| 12 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 16-03-2022) | 1-11 |
| 13 | വാടകയിനത്തിൽ വൻതുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-12 |
| 14 | മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-13 |
| 15 | റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-14 |
| 16 | മൊബൈൽ ടവർ അഞ്ച് വർഷ കാലാവധിയിൽ പെർമിറ്റ് അനുവദിച്ചത് ചട്ട വിരുദ്ധം<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-15 |
| 17 | ഇ-ടെണ്ടർ ഫീ - ജില്ലാപ്പഞ്ചായത്തിൽ നിന്നും തിരികെ | 1-16 |

| | | |
|---|---|---|
| | ലഭിച്ചില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | |
| 18 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: K S Deepa (Auditor, On 22-02-2022)<br>Last Updated By: Johncy John (Computer Assistant, On 04-04-2022) | 1-17 |
| 19 | ലൈഫ് പ്രോജക്ട് - വസ്തു വാങ്ങൽ- പദ്ധതിയിൽ അപാകതകൾ<br>Written By: Shyju Y (Senior Grade Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-18 |
| 20 | കെ.എസ്.ആർ.റ്റി.സി സ്റ്റാന്റിന് സ്ഥലം അക്വയർ ചെയ്തു - പഞ്ചായത്ത് ജപ്തി ഭീഷണിയിൽ<br>Written By: N Pradeep Kumar (Audit Officer (HG), On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 04-04-2022) | 1-19 |
| 21 | വീട് മെയിന്റനൻസ്- പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ<br>Written By: Shyju Y (Senior Grade Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-20 |
| 22 | ഗ്യാസ് ക്രിമിറ്റോറിയം - പ്രവൃത്തികൾ അനന്തമായി നീളുന്നു<br>Written By: N Pradeep Kumar (Audit Officer (HG), On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 04-04-2022) | 1-21 |
| 23 | മരാമത്ത് പ്രവൃത്തികൾ - മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല<br>Written By: N Pradeep Kumar (Audit Officer (HG), On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-22 |
| 24 | കമ്മ്യൂണിറ്റി ലെവൽ ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയായില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 04-04-2022) | 1-23 |
| 25 | പ്രതിമാസ വെള്ളക്കരം അടവാക്കുന്നില്ല; കുടിശ്ശിക അടവാക്കാനുള്ളത് 35.59 ലക്ഷം രൂപ<br>Written By: Jayaprabha P (Asst. Audit Officer, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-24 |
| 26 | തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചില്ല<br>Written By: Jayaprabha P (Asst. Audit Officer, On 24-02-2022)<br>Last Updated By: Johncy John (Computer Assistant, On 04-04-2022) | 1-25 |
| 27 | ബഡ്സ് സ്കൂൾ ആരംഭിച്ചില്ല; 25 ലക്ഷം രൂപ നഷ്ടപ്പെടുത്തി<br>Written By: Jayaprabha P (Asst. Audit Officer, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 04-04-2022) | 1-26 |
| 28 | അഗതി രഹിത കേരളം പദ്ധതിയ്ക്കു നൽകിയ വികസന ഫണ്ട് 4.38 ലക്ഷം രൂപ ചെലവഴിച്ചില്ല<br>Written By: Jayaprabha P (Asst. Audit Officer, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-27 |
| 29 | കേരള സാമൂഹ്യ സുരക്ഷാമിഷനിലേക്ക് അടവാക്കിയ തുകയുടെ വിനിയോഗ രേഖകളില്ല.<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-28 |
| 30 | ഗുണഭോക്താക്കളുടെ മരണം രജിസ്റ്റർ ചെയ്തതിനു ശേഷവും പെൻഷൻ വിതരണം ചെയ്യുന്നു<br>Written By: Jayaprabha P (Asst. Audit Officer, On 24-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-29 |
| 31 | വിവിധ പദ്ധതികളിൽ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല | 1-30 |

| | | |
|---|---|---|
| | Written By: Shyju Y (Senior Grade Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 04-04-2022) | |
| 32 | ആധുനിക അറവുശാല - കെട്ടിടം നിഷ്ക്രിയ ആസ്തിയായി തുടരുന്നു<br>Written By: N Pradeep Kumar (Audit Officer (HG), On 23-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 16-03-2022) | 1-31 |
| 33 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: N Pradeep Kumar (Audit Officer (HG), On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-32 |
| 34 | ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം-അപാകതകൾ<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-33 |
| 35 | മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-34 |
| 36 | ആവശ്യാധിഷ്ഠിതമല്ലാതെ മരുന്നു വാങ്ങുന്നു.<br>Written By: K S Deepa (Auditor, On 21-02-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വീട് മെയിന്റനൻസ്- ഗുണഭോക്താക്കൾക്ക് തുക അധികം നൽകി<br>Written By: Shyju Y (Senior Grade Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 04-04-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shyju Y (Senior Grade Auditor, On 22-02-2022)<br>Last Updated By: Johncy John (Computer Assistant, On 15-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Shyju Y (Senior Grade Auditor, On 22-02-2022)<br>Last Updated By: Johncy John (Computer Assistant, On 15-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: N Pradeep Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Johncy John (Computer Assistant, On 15-03-2022) | 4-3 |
| 4 | വായ്പ<br>Written By: N Pradeep Kumar (Audit Officer (HG), On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 15-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 15-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 15-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 15-03-2022) | 4-7 |
| 8 | ചാർജ്/ സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: N Pradeep Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Johncy John (Computer Assistant, On 15-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: N Pradeep Kumar (Audit Officer (HG), On 24-02-2022) | 4-9 |

| | | |
|---|---|---|
| | Last Updated By: P.K Vijayalakshmi (Deputy Director, On 25-03-2022) | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 04-04-2022) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 22.02.2020 തീയതിയിലെ (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്ക്കരിച്ച ബജറ്റ് 10.02.2021 തീയതിയിലെ( II) ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

1. Schedule B4- ചുവടെ ചേർക്കുന്ന ബാലൻസ് തുകകകൾ ഏതിനത്തിലുള്ളവയാണെന്ന് വ്യക്തമല്ല. തുകകളുടെ കൃത്യത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

| Code No | ഇനം | തുക |
|---|---|---|
| 320100115 | TSC | 760 |
| 320100199 | Grants And Funds For Specific Purpose – Central Government | 1053541 |
| 320300199 | Grants And Funds For Specific Purpose – Other Govt Agencies | 2397803 |

2. Schedule B5- Secured Loans – Loan From KURDFC – തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക- 218635 രൂപ. തുകയുടെ കൃത്യത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.
3. Schedule B7 – Deposits Received – ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
4. തനതു വരവുകൾ - എ) വസ്തു നികുതി സഞ്ചയയിലെ തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ബി) തൊഴിൽ നികുതി, ലേലം, ലൈസൻസ് ഫീസ്, വാടക മുതലായവയുടെ രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ ഡിമാന്റ് കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
5. Schedule B9 – Other Liabilities- ചുവടെ ചേർക്കുന്ന തുകകളുടെ കൃത്യത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | Employees Liabilities Net Salary Payable | 556102 |
| 2 | Employees Liabilities Pension Contribution Payable | 113751 |
| 3 | Recoveries Payable – GPFx | 17000 |
| 4 | Recoveries Payable – KPEF | 111860 |
| 5 | Recoveries Payable – LIC | 7369 |
| 6 | Recoveries Payable –GIS | 6100 |
| 7 | Recoveries Payable – HBA | 5000 |
| 8 | Recoveries Payable Other Recoveries | 67629 |
| 9 | Recoveries Payable – VAT | 121751 |
| 10 | Recoveries Payable Library Cess | 277638 |
| 11 | Recoveries Payable Service Tax | 826149 |
| 12 | Recoveries Payable CGST | 78596 |
| 13 | Recoveries Payable SGST | 78596 |
| 14 | Recoveries Payable Flood Cess | 7212 |

6. NPS – അടവാക്കാനുള്ള തുക(രജിസ്റ്റർ പ്രകാരമുള്ളത്- 17520 രൂപ )ബാദ്ധ്യതയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

7. Schedule B11 – Fixed Asset – ആസ്തികളുടെ മൂല്യം നിർണ്ണയിച്ചിരിക്കുന്നത് കൃത്യമല്ല.

8. Schedule B18 – മുൻകൂർ നൽകിയതും ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകകളുടെ കൃത്യത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ, രജിസ്റ്ററുകൾ ഇവ ഹാജരാക്കിയിട്ടില്ല.

9. ഗ്രാന്റ് വരവ്/ചെലവ് - വികസന ഫണ്ട് മെയിന്റനൻസ് ഗ്രാന്റ്:- വാർഷിക കണക്കുകൾ, ചെലവു പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവ് (I-6) | ചെലവു പത്രിക പ്രകാരമുള്ള ചെലവ് | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് |
|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 14149827 | 13997767 | 14149827 |
| വികസന ഫണ്ട്(എസ്സ് സിപി) | 3642190 | 2998752 | 3642190 |
| റോഡിതര സംരക്ഷണ ഗ്രാന്റ് | 2512196 | 1784721 | 2512296 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 9006470 | 6490758 | 9006470 |

10. ആസ്തികളുടെ നിർമ്മാണത്തിനായി ചെലവഴിച്ച തുക ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല.
11. വെള്ളക്കരക്കുടിശ്ശിക വാർഷിക കണക്കിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.
12. തൊഴിലുറപ്പ് പദ്ധതി കണക്കുകൾ – വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 47231258 |
| വരവ് | 72680160 |
| ആകെ | 119911418 |
| ചെലവ് | 81697284 |
| നീക്കിയിരിപ്പ് | 38214134 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17344000 | 17344000 | 13997767 | 3346233 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 5338000 | 5338000 | 2998752 | 2339248 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 461000 | 461000 | 260336 | 200664 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 11263125 | 11263125 | 7251475 | 4011650 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 6400000 | 6400000 | 2076338 | 4323662 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9943000 | 9943000 | 6490758 | 3452242 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4663000 | 4663000 | 1784721 | 2878279 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

1. സ്രോതസ്സിൽ നിന്നും കുറവുചെയ്ത തുകകൾ ഗ്രാന്റ് വിനിയോഗ പത്രികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

| ഫണ്ടിനം | സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക | | | | ആകെ |
|---|---|---|---|---|---|

| | ലൈഫ് (ജനറൽ) | ലൈഫ് (എസ്സ് സി പി) | അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം | വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനുള്ള ചെലവ് | |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 526746 | | 1357800 | | 1884546 |
| വികസന ഫണ്ട് (എസ്സ് സി പി) | | 14627 | | | 14627 |
| റോഡിതര സംരക്ഷണ ഗ്രാന്റ് | | | | 47162 | 47162 |

2. പ്രളയ ഫണ്ട് ലഭിച്ചത് ഗ്രാന്റ് പത്രികയിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല

| | |
|---|---|
| വികസന ഫണ്ട്(ജനറൽ) | 2722000 |
| വികസന ഫണ്ട്(എസ്സ് സി പി) | 876000 |
| വികസന ഫണ്ട് (റ്റി എസ്സ് പി) | 135000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 252 | 97178099 | 148 | 44645545 | 94 | 59 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 321950 | 2114639 | 2436589 | 2407236 | 29353 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 26835714 | 26835714 | 26835714 | |
| ആകെ | 321950 | 28950353 | 29272303 | 29242950 | 29353 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1265500 | 89 |
| വിധവാപെൻഷൻ | 12473400 | 901 |
| വാർദ്ധക്യകാല പെൻഷൻ | 25838900 | 2261 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 4191200 | 277 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 204900 | 17 |
| തൊഴിൽരഹിത വേതനം | 720 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.02.2022 3.P.M ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 40,822 (നാല്പതിനായിരത്തി എണ്ണൂറ്റി ഇരുപത്തിരണ്ട് രൂപ ) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ആഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.01.2014 മുതൽ 12.2.2014 വരെ | 2008-09 മുതൽ 2012-13വരെ | 09.06.14 |
| പെർഫോമൻസ് ഓഡിറ്റ് | 13.08.2021 മുതൽ 18.08.2021 വരെ | 01.01.2020മുതൽ31.03.2021വരെ | 27.12.21 |

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലുണ്ടായ അപാകങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാന്റിന് സ്ഥലം അക്വയർ ചെയ്യുതുമായി ബന്ധപ്പെട്ട് വസ്തു ഉടമകൾ ബഹു. പത്തനംതിട്ട സബ്കോടതിയിൽ നൽകിയ കേസിന്മേൽ കാര്യക്ഷമമായി ഇടപെടുന്നതിൽ ഗ്രാമപ്പഞ്ചായത്ത് പരാജയപ്പെട്ടു. ഏതൊക്കെ കേസുകൾ നിലവിൽ വിവിധ ഘട്ടങ്ങളിൽ ഉള്ളത് എന്നും, അവയിന്മേൽ എതിർസത്യവാങ്മൂലം സമർപ്പിക്കേണ്ടത് സംബന്ധിച്ചും ഗ്രാമപ്പഞ്ചായത്തധികൃതർക്ക് തികഞ്ഞ അജ്ഞതയാണുള്ളത്.
2. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് മോണിട്ടറിംഗ് സംവിധാനം നിലവിലില്ല.
3. പ്രവർത്തിക്കാത്ത പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഇനത്തിൽ പാഴ്ചെലവ് തടയുന്നതിന് കഴിയുന്നില്ല. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് ഇതേവരെ നടപ്പാക്കാത്തതിനാൽ അവയുടെ വൈദ്യുതി ചാർജിനത്തിൽ ഉണ്ടാകുന്ന ദുർവ്യയം തടയാനാകുന്നില്ല.
4. സംയുക്ത പദ്ധതികൾക്കായി ലഭിച്ച ഫണ്ടിന്റെയും അവയുടെ വിനിയോഗത്തിന്റെയും കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.
5. ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക, മൊബൈൽ ടവറുകളുടെ വസ്തു നികുതി എന്നീ ഇനങ്ങളിൽ ഉള്ള കുടിശ്ശിക പിരിച്ചെടുക്കാൻ കാര്യക്ഷമമായ നടപടിയില്ല.
6. ആശ്രയ പദ്ധതിയുടെ നടത്തിപ്പ്, ബഡ്സ് സ്കൂൾ എന്നീ വിഷയങ്ങൾ അവഗണിക്കപ്പെടുന്നു.

അപാകങ്ങളിന്മേൽ പരിഹാരനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും 2020-21 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | റേഷൻ കടകൾ(20 എണ്ണം) |
| 2 | മന്ദമരുതി ക്ഷീരോല്പാദക സഹകരണ സംഘം |
| 3 | മോതിരവയൽ ക്ഷീരോല്പാദക സഹകരണ സംഘം |
| 4 | ഇടമൺ-വാകത്താനം ക്ഷീരോല്പാദക സഹകരണ സംഘം |

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മൂലം ലൈസൻഡ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ നല്ലൊരു തുക കുറവ് വരുന്നുണ്ട്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ

എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## <u>1-12 വാടകയിനത്തിൽ വൻതുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.</u>

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു തനത് വരുമാനമാണ് ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളിൽ നിന്നും മാർക്കറ്റ് സ്റ്റാളുകളിൽ നിന്നുമുള്ള വാടക. ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 31 കടമുറികൾ, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 21 കടമുറികൾ, മാർക്കറ്റിലെ 23 സ്റ്റാളുകൾ എന്നിവയാണ് 2020-21-ൽ വാടകയ്ക്ക് നൽകിയിരുന്നത്. വാടകതുക പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കുന്നില്ല. 2017-18 മുതലുള്ള കുടിശ്ശിക തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കടമുറി നമ്പർ, വാടകക്കാരന്റെ വിവരങ്ങൾ | വാടക കുടിശ്ശിക | | | | ആകെ വാടക കുടിശ്ശിക |
|---|---|---|---|---|---|
| | 2017-18 | 2018-19 | 2019-20 | 2020-21 | |
| <u>പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്</u> | | | | | |
| 9, മാത്യു ജോസഫ്, കാവുങ്കൽ | - | - | 60699 | 69710 | 130409 |
| 10, അരുൺ എസ്. നായർ, പാടാട്ടുകാലായിൽ | - | - | - | 25000 | 25000 |
| 16, ലക്ഷിയമ്മ രാജമ്മ | - | - | 13368 | 15350 | 28718 |
| കാർഷിക വിപണന കേന്ദ്രം 2, ഷാജിമോൻ പി.ഇ., പതാലുപുരയിടത്തിൽ | - | - | - | 7875 | 7875 |
| ന്യൂ ഷോപ്പിംഗ് കോംപ്ലക്സ്.3, അച്യുതൻ, പറയനാലിൽ | - | - | 33543 | 134448 | 167991 |
| <u>ബസ്സ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്</u> | | | | | |
| 1, വി.ഒ. ജാനകി, വാലിപ്ലാക്കൽ | - | - | | 5912 | 5912 |
| 2, ശോഭ | - | - | 3667 | - | 3667 |
| 3, മാധവൻനായർ | - | - | 3444 | - | 3444 |
| 4, അനീഷ് പി.കെ, കാഞ്ഞിരത്തുംമൂട്ടിൽ | - | - | 54300 | 228060 | 282360 |
| 8, അനിൽകുമാർ, തടത്തിൽ | - | - | - | 54474 | 54474 |
| 14, മുഹമ്മദ് ബഷീർ, ആലുങ്കൽ പറമ്പിൽ | - | - | 5468 | 11484 | 16952 |
| 15, സലിം പി., കുനംമാങ്കൽ | - | - | - | 111910 | 111910 |
| 21, രാമൻ രാഘവൻ | - | - | 14340 | - | 14340 |
| 24, വി.കെ.സജി, വയലാലിൽ | - | - | 19764 | 13206 | 32970 |
| 25, അക്ബർ ഷാ, പ്ലാന്തോട്ടത്തിൽ | - | - | 34108 | 51870 | 85978 |
| റിക്രിയേഷൻ ക്ലബ്.2, ഷിബു ജോൺ | - | - | - | 36750 | 36750 |
| റിക്രിയേഷൻ ക്ലബ്.3, ശ്രീനിവാസൻ, കിഴക്കേടത്ത് | - | - | 5000 | 52500 | 57500 |
| കൃഷിഭവൻ 1. റഫീക്ക് എം.കെ. | - | - | - | 71270 | 71270 |
| <u>മാർക്കറ്റ് സ്റ്റാൾ</u> | | | | - | |
| എച്ച്.1, സാബു, പുത്തൻവീട്ടിൽ, ഇടുക്കി | 18619 | - | - | - | 18619 |
| ഡി.1, സത്താർ, മരോട്ടി പതാലിൽ | - | 56272 | | - | 56272 |
| കെട്ടിടം.1 മുറി(5) | - | 10870 | - | - | 10870 |
| ഡി.1., ജിത്തു പ്രകാശ് | - | - | - | 17500 | 17500 |
| എച്ച്.2, ഹക്കിം റ്റി.എച്ച്. | - | - | - | 9113 | 9113 |
| എച്ച്.3, ഷാജിമോൻ പി.ഇ. | - | - | - | 14357 | 14357 |
| എ.2, സലാഹുദ്ദീൻ | - | - | - | 2624 | 2624 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| കെട്ടിടം.4 മുറി(1), ഉഷ | - | - | - | 9467 | 9467 |
| കെട്ടിടം.4 മുറി(5), സലാഹുദ്ദീൻ | - | - | - | 3500 | 3500 |
| താൽക്കാലിക ഷെഡ്, സലീം പി. | - | - | - | 6367 | 6367 |
| **ആകെ** | **18619** | **67142** | **247701** | **952747** | **1286209** |

എല്ലാ വാടകക്കാരുമായും കരാർ വച്ചിട്ടില്ല. 75 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളതിൽ 67 പേർ മാത്രമാണ് കരാർ വെച്ചിട്ടുള്ളത്. ആയതിൽ തന്നെ പല കരാറുകളും പൂർണ്ണമല്ല. പ്രിന്റ് ചെയ്ത പല കരാറുകളിലും വാടകക്കാരന്റെ പേരുവിവരങ്ങൾ ചേർത്ത്, സാക്ഷികൾ ഒപ്പ് വച്ച് പൂർണ്ണമാക്കിയിട്ടില്ല. പഞ്ചായത്തുകളിൽ കരാറിൽ ഏർപ്പെടുന്നതിൽ 1996-ലെ പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതും കരാറുകാരെ കൊണ്ട് നിയമപ്രകാരമുള്ള വ്യവസ്ഥകൾ എഴുതി ഒപ്പ് വയ്പ്പിക്കേണ്ടതും ആയതിന് സാക്ഷികൾ കൂടി ഒപ്പ് വച്ചിരിക്കേണ്ടതുമാണെന്ന് കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള പഞ്ചായത്ത് ഡയറക്ടറുടെ 18.01.2007-ലെ എച്ച്1-13880/06- നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. സെക്രട്ടറിയും ഒപ്പ് വച്ച ശേഷം ഇവ എഗ്രിമെന്റ് രജിസ്റ്ററിൽ ചേർത്ത് നമ്പരിട്ട് സൂക്ഷിക്കേണ്ടതാണെന്നും വ്യവസ്ഥകൾ എഴുതി ഒപ്പിടാതെയും, സാക്ഷ്യപ്പെടുത്താതെയും മുദ്രപ്പത്രം വാങ്ങി സൂക്ഷിക്കുന്ന പ്രവണത ഒഴിവാക്കണമെന്നും ഇക്കാര്യത്തിലുള്ള വീഴ്ച്ചകൾ മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം വിഷയം കൈകാര്യം ചെയ്ത ജീവനക്കാർ, മേൽനോട്ടം വഹിച്ച സൂപ്രണ്ട്/ഹെഡ് ക്ലർക്ക്, സെക്രട്ടറി എന്നിവരിൽ നിന്നും ആനുപാതികമായി ഈടാക്കുന്നതാണെന്നും ടി.സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. വാടക കുടിശ്ശിക വരുത്തിയിട്ടുള്ളവർ തന്നെ നിലവിലും കടമുറികൾ ഉപയോഗിച്ചു വരുന്ന സാഹചര്യമാണുള്ളത് . കുടിശ്ശിക വരുത്തിയവർക്കെതിരെ ബൈലോ അനുസരിച്ചുള്ള നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല. കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനും രജിസ്റ്ററുകളും രേഖകളും കൃത്യമാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടലും നിരീക്ഷണവും ഉണ്ടാവേണ്ടതാണ്.

## 1-13 മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള ബി.എസ്.എൻ.എൽ., റിലയൻസ്, ടാറ്റാ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശികയിനത്തിൽ വലിയ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ബി.എസ്.എൻ.എൽ. ടവറുകളിൽ നിന്നും 2013-14 മുതലുള്ള കുടിശ്ശിക തുക ഈടാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ മം. | മൊബൈൽ ടവ്വറിന്റെ വിവരങ്ങൾ | കുടിശ്ശിക കാലയളവ് | വസ്തു നികുതി കുടിശ്ശിക |
|---|---|---|---|
| 1 | 2/269, ബി.എസ്.എൻ.എൽ | 2017-18 – 2020-21 | 10080 |
| 2 | 2/600, ബി.എസ്.എൻ.എൽ | 2013-14 – 2020-21 | 40320 |
| 3 | 3/539, ബി.എസ്.എൻ.എൽ | 2013-14 – 2020-21 | 53760 |
| 4 | 3/581, റിലയൻസ് ടവർ | 2017-18 - 2020-21 | 53760 |
| 5 | 8/532, റിലയൻസ് ടവർ | 2017-18 - 2020-21 | 53292 |
| 6 | 11/233, ബി.എസ്.എൻ.എൽ. | 2013-14 - 2020-21 | 73920 |
| 7 | 13/626, ബി.എസ്.എൻ.എൽ. | 2013-14 - 2020-21 | 45360 |
| 8 | 13/773, ബി.എസ്.എൻ.എൽ. | 2013-14 - 2020-21 | 26536 |
| 9 | 14/812, ടാറ്റാ മൊബൈൽ ടവർ | 2013-14 – 2020-21 | 295680 |
| | **ആകെ** | | **652708** |

മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9/17.02.2022) മറുപടിയായി കുടിശ്ശിക തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. നിയമപരമായ തുടർനടപടികൾ സ്വീകരിച്ച് മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്.

## 1-14 റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ്

റാന്നി-പഴവങ്ങാടി വില്ലേജ്, ബ്ലോക്ക് നമ്പർ 9, സർവ്വേ നമ്പർ 343/8-ലുള്ള 360ച.മീ ഭൂമിയിൽ 198.88 ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. റോണി സാമുവൽ, തുലാമണ്ണിൽ എന്നയാൾക്ക്

05.09.2019-ൽ C5-BA(316412)/2019 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. നിർമ്മാണം പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 29.12.2020-ൽ 9/60A എന്ന നമ്പർ അനുവദിച്ച നൽകിയിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കി സമർപ്പിച്ചിട്ടുള്ള കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 284.58ച.മീറ്ററാണ്. പെർമിറ്റിൽ അധികരിച്ച് 85.7 ച.മീ. നിർമ്മിച്ചിട്ടുണ്ട്. പെർമിറ്റിൽ അധികരിച്ച് നിർമ്മിച്ച 51 ച.മീ. 1020 രൂപ റഗുലറൈസേഷൻ ഫീസ് ഈടാക്കി റഗുലറൈസ് ചെയ്തിട്ടുണ്ട്. എന്നാൽ 34.7ച.മീ. ന് റഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടിയില്ല. മാത്രമല്ല, ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണ് ക്രമവൽക്കരണം അനുവദിച്ച നൽകിയിട്ടുള്ളത്. ക്രമവത്ക്കരണത്തിനുള്ള അപേക്ഷ സമർപ്പണവും അതിന്റെ തീർപ്പാക്കലിന് വേണ്ടിയുള്ള നടപടിക്രമങ്ങളും കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2011 ചട്ടം 135-ൽ വിശദീകരിച്ചിട്ടുണ്ട്. സെക്രട്ടറി, ക്രമവൽക്കരണം ഒരു ലിഖിത ഉത്തരവിലൂടെ അനുവദിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതാണെന്ന് ചട്ടം 137(1) ലും അനുബന്ധം I ഫോറത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയും, അനുബന്ധം J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തേണ്ടതാണെന്ന് 137(2) ലും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണ് റഗുലറൈസേഷൻ അനുവദിച്ച വരുന്നത്. റഗുലറൈസേഷൻ അനുവദിച്ചതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/19.02.22) മറുപടി ലഭ്യമാക്കിയിട്ടില്ല. റഗുലറൈസേഷൻ ഫീസിനത്തിൽ കുറവ് വന്ന തുക അപേക്ഷനിൽ നിന്ന് ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ചട്ട പ്രകാര മുള്ള നടപടികൾ കൃത്യമായി പാലിച്ച മാത്രം റഗുലറൈസേഷൻ അനുവദിച്ച് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവർ അഞ്ച് വർഷ കാലാവധിയിൽ പെർമിറ്റ് അനുവദിച്ചത് ചട്ട വിരുദ്ധം

പഴവങ്ങാടി വില്ലേജ് , ബ്ലോക്ക് നമ്പർ 9-ൽ സർവ്വേ നം. 260/6-1 -ൽ ശ്രീ. അനോജ്കുമാർ, ശ്രീമതി പ്രീയ അനോജ് എന്നിവരുടെ ഉടമസ്ഥതയിലുള്ള 15/1299 നമ്പർ കെട്ടിടത്തിന്റെ മുകളിൽ മൊബൈൽ 4G ടെലിക്കോം ടവർ സ്ഥാപിക്കുന്നതിന് റിലയൻസ് ജിയോ ഇൻഫ്രാടെൽ ലിമിറ്റഡിന് പെർമിറ്റ് അനുവദിച്ചിരുന്നു. 27.08.2020-ൽ C5-2814/20 നമ്പരായി അനുവദിച്ച പെർമിറ്റിന് 26.08.2025 വരെ കാലാധി അനുവദിച്ച് നൽകിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019 ചട്ടം 87(9) പ്രകാരം ടെലി കമ്യൂണിക്കേഷൻ ടവ്വറുകളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും നിർമ്മാണം പെർമിറ്റ് അനുവദിച്ച് ഒരു വർഷത്തിനകം പൂർത്തീകരിക്കേണ്ടതാണെന്ന് നിർഷ്കർഷിച്ചുണ്ട്. മൊബൈൽ ടവറിന് ചട്ട വിരുദ്ധമായി 5 വർഷത്തെ പെർമിറ്റ് കാലാവധി അനുവദിച്ച് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/19.02.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് അനുവദിച്ചതിലെ അപാകത അടിയന്തിരമായി പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 ഇ-ടെണ്ടർ ഫീ - ജില്ലാപ്പഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ചില്ല

2017-18 മുതൽ 2021-22 വരെ കാലയളവിൽ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീ ഇനത്തിൽ 136080 രൂപ ജില്ലാപ്പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരുന്നു. എന്നാൽ ടി തുക നാളിതുവരെ തിരികെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇ- ടെണ്ടർ ഫീ വരവാക്കുന്നതിനായി 02.10.2017 ലെ ജി.ഓ.(എം.എസ്) 3186/2017/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചത് പ്രകാരം ഗ്രാമപ്പഞ്ചായത്ത് ഇതേവരെ പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടുമില്ല.

അപാകങ്ങൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി ഈടാക്കിയില്ല

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല എന്ന് കണ്ടു.

**(I) റേഷൻ റീട്ടെയിൽ ഡിപ്പോകൾ**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.201) അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 20 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. ടി റേഷൻകടകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(II) ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

പഞ്ചായത്ത് പരിധിയിൽ 3 ക്ഷീരോല്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സംഘങ്ങളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. മോതിര വയൽ ക്ഷീരോല്പാദക സഹകരണ സംഘം.
2. ഇടമൺ-വാകത്താനം ക്ഷീരോല്പാദക സഹകരണ സംഘം
3. മന്ദമരുതി ക്ഷീരോല്പാദക സഹകരണ **സംഘം**

(III) മറ്റ് സ്ഥാപനങ്ങൾ:- ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തൊഴിൽ നികുതിയും സ്ഥാപനതൊഴിൽ നികുതിയും ഈടാക്കിയില്ല.

1. സ്വീക്ക് ഇന്റർനാഷണൽ
2. ഗോൾഡൻ എംപോറ്റിയം
3. കേരളാ ഓട്ടോ സൊല്യൂഷൻസ്
4. ബി.എസ്സ്.എൻ എൽ റാന്നി - ഇടമൺ
5. പോസ്റ്റോഫീസ്. മക്കപ്പുഴ
6. പോസ്റ്റോഫീസ്. റാന്നി - ഇടമൺ
7. ആക്സിസ് ബാങ്ക്
8. കേരള ബിവറേജ് കോർപ്പറേഷൻ
9. ഗോൾഡൻ ഹൈപ്പർ മാർക്കറ്റ്

IV. ചുവടെ ചേർത്തിട്ടുള്ളത് പ്രകാരം 2020-21 ൽ പൊതുമരാമത്ത് പ്രവർത്തികൾ ചെയ്ത അംഗീകൃത കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

1. എസ്.എൻ. ശങ്കരനാടാർ
2. രഘു. സി.കെ
3. റോന ജോസഫ്
4. നിതിൻ ജോസഫ് തോമസ്
5. രാജൻ പി.ജയിംസ്
6. ടിജോ ജയിംസ്
7. വേണുഗോപാൽ.എ.ജി
8. അബു മുഹമ്മദ് അലി

V) ചുവടെ ചേർത്തിട്ടുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും, ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയില്ല.

1. തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ മക്കപ്പുഴ
2. ഡോ. സോംസൺ ഡന്റൽ ക്ലിനിക്ക്.
3. ആവേ മറിയ ക്ലിനിക്കൽ ലബോറട്ടറി.
4. സെന്റ് തോമസ് ഡെന്റൽ ക്ലിനിക്ക്.
5. ആനന്ദാ ഹോമിയോ ഹോസ്പിറ്റൽ.

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴവൻ സ്ഥാപനങ്ങളുടേയും അതിലെ തൊഴിലാളികളുടേയും നികുതി ഡിമാന്റ് ചെയ്ത് ഇടാക്കേണ്ടതാണ്. ഇതിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 ലൈഫ് പ്രോജക്ട് - വസ്തു വാങ്ങൽ- പദ്ധതിയിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | ലൈഫ് പദ്ധതി- വസ്തു വാങ്ങൽ (93/21) |
| വകയിരുത്തിയ തുക | 2766400 രൂപ (വികസന ഫണ്ട്) |
| ചെലവ് തുക | 600000 രൂപ |
| | |

| | |
|---|---|
| ബിൽ നമ്പരും തീയതിയും | 16 തീയതി 17-02-2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

പ്രസ്തുത പദ്ധതി പ്രകാരം മൂന്ന് ഗുണഭോക്താക്കൾ വസ്തു വാങ്ങിയതിന് 200000 രൂപ വീതം വസ്തു നൽകിയ ആളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് നൽകുകയാണ് ചെയ്തിട്ടുള്ളത്.

തുക കൈപ്പറ്റിയ ആൾക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | വാങ്ങിയ ഭൂമിയുടെ അളവ് | വസ്തു നൽകിയ ആളിന്റെ പേര് | ഡോക്കുമെന്റ് നമ്പർ |
|---|---|---|---|---|
| 1 | പത്മ സുതൻ<br>ആശാരി പറമ്പിൽ<br>റാന്നി | 1.4 ആർ | ബിബിൻ മാത്യു | 1183/1/2020 |
| 2 | ലൈസാമ്മ<br>മഴവിൻചേരിൽ<br>ചെല്ലക്കാട്.പി.ഒ | 1.62 ആർ | സുനിൽ കുമാർ.പി.ഡി | 1080/2020 |
| 3 | യശോദ.പി.എൻ<br>ഷൺമുഖ വിലാസം<br>ഐത്തല | 2 ആർ 2 ച.മീ | എബി.എം.ജേക്കബ് | 121/1/2021 |

പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) വികസന ഫണ്ടിനത്തിൽ 2766400 രൂപ വകയിരുത്തിയെങ്കിലും 600000 രൂപ മാത്രമാണ് പദ്ധതി ചെലവ്. ആവശ്യത്തിന് ഗുണഭോക്താക്കൾ ഉണ്ടായിട്ടും 2166400 രൂപ ലാപ്സായി.

2) ഓരോ ഗുണഭോക്താവിനും രണ്ട് ലക്ഷം രൂപ വീതം സബ്സിഡി നൽകിയിരുന്നു. എന്നാൽ വിവിധ സ്ഥലങ്ങളിലാണ് ഗുണഭോക്താക്കൾ ഭൂമി വാങ്ങിയത്. ഭൂമിയുടെ അളവും വ്യത്യസ്തമാണ്. എന്നാൽ എല്ലാവർക്കും നൽകിയിരിക്കുന്നത് ഒരേ തുക തന്നെയാണ്. പ്രസ്തുത സാഹചര്യത്തിൽ ഭൂമിയുടെ മാർക്കറ്റ് വാല്യു സംബന്ധിച്ചുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകേണ്ടിയിരുന്നത്. ആയത് പാലിച്ചില്ല

3) ക്രമ നം-2 പ്രകാരമുള്ള ഗുണഭോക്താവിന്റെ പേരിൽ സ്വന്തമായി ഭൂമി ഇല്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രമില്ല.

4) മുകളിൽ ചൂണ്ടിക്കാട്ടിയ ഗുണഭോക്താക്കൾ വസ്തു പേരിൽ കൂട്ടി കരം അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രസ്തുത അപാകതകൾ കാണിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ-16/19-02-2022)നൽകിയിരുന്നു.പദ്ധതി കാലയളവിലെ വി.ഇ.ഒ ഫയലുകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ കൃത്യമായി മറുപടി നൽകാൻ സാധിക്കുകയില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. ഇപ്രകാരം പ്രോജക്ടുകളിൽ വൻതുക വകയിരുത്തി ചെലവില്ലാതെ ഫണ്ട് ലാപ്സാക്കുന്ന നടപടി അഭിലഷണീയമല്ല. ടി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മറ്റ് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-19 കെ.എസ്.ആർ.റ്റി.സി സ്റ്റാന്റിന് സ്ഥലം അക്വയർ ചെയ്യു - പഞ്ചായത്ത് ജപ്തി ഭീഷണിയിൽ

ഇട്ടിയപ്പാറ കെ.എസ്.ആർ.റ്റി.സി ബസ് സ്റ്റാന്റ്, ശബരിമല തീർത്ഥാടനകേന്ദ്രം എന്നിവയ്ക്കായി റാന്നി പഴവങ്ങാടി വില്ലേജിൽ സർവ്വേ നമ്പർ 259/11, 259/10, 258/9, 258/6, 258/8, 258/7, 258/10 എന്നീ സർവ്വേ നമ്പരുകളിലായി 1 ഹെക്ടർ 12 ആർ 68 ച.മീറ്റർ ഭൂമി അക്വയർ ചെയ്യുന്നതിന് അനുമതി നൽകണമെന്ന് 24.11.2000 ലെ 5(2) നമ്പർ ആയി പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു. ജി.ഓ(ആർ.റ്റി) 223/2001/തസ്വഭവ തീയതി 20.1.2001 ആയി സർക്കാർ ഭൂമി അക്വയർ ചെയ്യുന്നതിന് അനുമതി നൽകിയിട്ടുമുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല എന്നും ഈ വിഷയത്തിൽ എന്തെങ്കിലും വ്യവഹാരം ഉണ്ടായാൽ പഞ്ചായത്തിന് പൂർണ്ണ ഉത്തരവാദിത്തം ഉണ്ടായിരിക്കുമെന്നും പ്രസ്തുത ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു.

പഞ്ചായത്തിന് ആവശ്യമായ ധനസ്ഥിതി ഇല്ലാത്തതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിനായി 20.11.2010 ലെ ജി.ഓ.(ആർ.റ്റി) 1148/2010 നമ്പർ ഉത്തരവ് പ്രകാരം സർക്കാരിന്റെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഇട്ടിയപ്പാറ

കെ.എസ്.ആർ.റ്റി.സി ബസ് സ്റ്റാന്റ്, ശബരിമല പിൽഗ്രിം സെന്റർ എന്നിവയുടെ നിർമ്മാണത്തിനായി അനുവദിച്ച 5 കോടി രൂപയിൽ നിന്ന് 72.69 ലക്ഷം രൂപ അനുവദിച്ചിരുന്നു. ജില്ലാ കളക്ടറുടെ 12.1.2011 ലെ സി2/4537/01 നമ്പർ ഉത്തരവ് അനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാറെ ചുമതലപ്പെടുത്തുകയും തുക നൽകി വസ്തു ഏറ്റെടുക്കുകയും ചെയ്തു.

പൊന്നുംവില നടപടികൾ പ്രകാരം അനുവദിച്ച തുക കുറവാണെന്ന് കാണിച്ച് വസ്തു ഉടമകൾ ബഹു. സബ്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കോടതി വസ്തുവിന്റെ വില ഉയർത്തി നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ കെ.എസ്.ആർ.റ്റി.സിക്ക് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് എൽ.എ.ആർ സ്റ്റേറ്റ്മെന്റ് അക്കൌണ്ട് പ്രകാരം അധിക മാർക്കറ്റ് വാല്യു, പലിശ, സൊളേഷ്യം എന്നിവ ചേർത്ത് എൽ.എ.ആർ 70/21 – 6446775 രൂപ, എൽ.എ.ആർ 71/2011 – 5693349 രൂപ, എൽ.എ.ആർ 72/2011 – 6249877 രൂപ, എൽ.എ.ആർ 74/21 – 12887544 രൂപ, എൽ.എ.ആർ 86/2011 – 4407493 രൂപ എന്നിവ ചേർത്ത് ആകെ 35685038 രൂപ 31.8.2019 വരെ പഞ്ചായത്തിന്റെ ബാദ്ധ്യത ആയിട്ടുള്ളതായും പലിശ ഇനത്തിൽ വൻബാദ്ധ്യത ഉണ്ടായിക്കൊണ്ടിരിക്കുന്നതായും 7.9.2019 ലെ 13(1) നമ്പർ ആയുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

അക്വയർ ചെയ്ത സ്ഥലം 9/11090 നമ്പർ തണ്ടപ്പേര് പ്രകാരം പഴവങ്ങാടി വില്ലേജിൽ റാന്നി കെ.എസ്.ആർ.റ്റി.സി ബസ് സ്റ്റാന്റിന് വേണ്ടി (പഴവങ്ങാടി പഞ്ചായത്ത്) എന്നാണ് വില്ലേജ് രേഖകളിൽ ഉള്ളത് എന്ന് 24.12.2021 ൽ 409/21/Pdy ആയുള്ള കത്തിലൂടെ പഴവങ്ങാടി വില്ലേജ് ഓഫീസർ സെക്രട്ടറിയെ അറിയിച്ചതായി കാണുന്നു.

മേൽസൂചിപ്പിച്ച എൽ.എ.ആർ കേസുകളിൽ എല്ലാം വസ്തു ഉടമകൾക്ക് നൽകേണ്ട തുക കെട്ടിവയ്ക്കണമെന്ന് സൂചിപ്പിച്ച് ഗ്രാമപ്പഞ്ചായത്തിനെതിരെ കോടതിവിധി ഉണ്ടായിട്ടുണ്ട്. സർക്കാരിന്റെ മാന്ദ്യവിരുദ്ധ പാക്കേജുകളിൽ ഉൾപ്പെടുത്തി പി.ഡബ്ല്യു.ഡി ആണ് സ്ഥലം ഏറ്റെടുത്തത് എന്നും സ്ഥലമെടുപ്പിന് ആവശ്യമായ തുക പി.ഡബ്ല്യു.ഡി മുഖേനയാണ് നൽകിയത് എന്നും, ഏറ്റെടുത്ത സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെയും കെ.എസ്.ആർ.ടി.സി യുടേയും കൈവശത്തിലും ഉപയോഗത്തിലും ആണ് എന്നും പഞ്ചായത്ത് പ്രസിഡന്റ് 16.09.2019 ൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കും, 04.02.2022 ൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്കും നൽകിയ കത്തുകളിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ടി കേസുകളിൽ ഒന്നും തന്നെ പി.ഡബ്യൂ.ഡിയെയോ കെ.എസ്.ആർ.ടി.സി.യെയോ കക്ഷി ചേർത്തിട്ടില്ല എന്നും കാണുന്നു. കൃത്യമായ സത്യവാങ്മൂലം ഫയൽ ചെയ്യാതെ കേസുകളുടെ നടത്തിപ്പിലും ബന്ധപ്പെട്ട ഫയലുകളുടെ സൂക്ഷിപ്പിലും പഞ്ചായത്ത് വർഷങ്ങളായി ഗുരുതരമായ അലംഭാവം പുലർത്തിയതിനാലാണ് കോടതിയിൽ നിന്നും പ്രതികൂല വിധി ഉണ്ടാകാൻ കാരണം എന്ന് ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. സർക്കാരിൽ നിന്ന് ആദ്യം ലഭിച്ച 72.69 ലക്ഷം രൂപ പി.ഡബ്ല്യു.ഡി മുഖേനയാണ് ലാന്റ് റവന്യൂ വകുപ്പിന് നൽകിയിട്ടുള്ളത് എന്ന് ഈ വിഷയം സംബന്ധിച്ച് 16.9.2019 ൽ സെക്രട്ടറി ബഹു. എൽ.എസ്.ജി.ഡി അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

അപാകം സംബന്ധിച്ച് 17.2.2022 ൽ 12 -ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഈ വിഷയം സംബന്ധിച്ച് സർക്കാരിനെ സമീപിക്കുന്നതാണെന്നും ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. വസ്തുവിന്റെ വിലയിനത്തിൽ കൂടുതൽ നഷ്ടപരിഹാരം ആവശ്യപ്പെട്ട് വസ്തു ഉടമകൾ കോടതിയെ സമീപിക്കുമ്പോൾ പഞ്ചായത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിന് ഉതകുംവിധം നിയമപരമായ നടപടികൾ സ്വീകരിക്കാതിരുന്നത് ഗുരുതരമായ അലംഭാവമാണ്. പഞ്ചായത്തിന്റെ ആസ്തികൾ ഇപ്പോൾ ജപ്തിനടപടികളുടെ ഭീഷണിയിലാണ്. ഈ സാഹചര്യത്തിൽ വിഷയത്തിന്റെ ഗൗരവം സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരേണ്ടതും വ്യവഹാരങ്ങളിന്മേൽ കാര്യക്ഷമമായ ഇടപെടൽ നടത്തേണ്ടതുമാണ്.

## 1-20 വീട് മെയിന്റനൻസ്- പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പരും പേരും | ഭവന പുനരുദ്ധാരണം ( പ്രോജക്റ്റ് നം- 247/21) |
| വകയിരുത്തിയ തുക | 2950000 രൂപ – തനത് ഫണ്ട് |
| ചെലവഴിച്ച തുക | 2075000 രൂപ |
| ചെക്ക് നമ്പരും തീയതിയും | 725000 രൂപ- 5295218 തീയതി 24-08-2020<br>975000 രൂപ- 5295219 തീയതി 24-08-2020<br>75000 രൂപ- 5295233തീയതി 24-09-2020<br>300000 രൂപ- 5295254തീയതി 17-11-2020 |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

2019-20 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി വീട് പനരുദ്ധാരണം എന്ന പേരിൽ തനത് ഫണ്ടിൽ 3400000 രൂപ വകയിരുത്തി പ്രോജക്ട് (പ്രോജക്ട് നം- 250/19-20) ആവിഷ്കരിച്ചിരുന്നു. 1200000 രൂപയായിരുന്നു പ്രോജക്ട് ചെലവ്. അസ്സിസ്റ്റന്റ് എൻജിനീയറുടെ വാല്യവേഷന്റെ അടിസ്ഥാനത്തിൽ ഭവനപുനരുദ്ധാരണം പൂർത്തീകരിക്കുന്ന ഗുണഭോക്താക്കൾക്ക് 50000 രൂപ നൽകുന്നതിനായിരുന്നു പ്രോജക്ടിൽ വിഭാവനം ചെയ്തത്. ഇത് പ്രകാരം 44 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു തുകയായി 25000 രൂപയും 2 ഗുണഭോക്താക്കൾക്ക് 50000 രൂപയും നൽകിയിരുന്നു. തുടർന്ന് ഒന്നാം ഗഡു തുക നൽകിയവർക്ക് രണ്ടാം ഗഡു തുക നൽകുന്നതിനും പുതിയതായി എഗ്രിമെന്റിൽ ഏർപ്പെട്ട ഗുണഭോക്താക്കൾക്ക് തുക നൽകുന്നതിനുമായി അധികമായി തുക ഉൾപ്പെടുത്തി മുകളിൽ പറഞ്ഞ പ്രകാരം സ്പിൽ ഓവറായി 2020-21 വർഷം പ്രോജക്ട് നടപ്പിലാക്കി.

പ്രസ്തുത പദ്ധതി പ്രകാരം വാല്യവേഷന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് 50000 രൂപ നൽകുന്നതിന് പകരമായി 75000 രൂപ തെറ്റായി അനുവദിക്കുകയും വാല്യവേഷൻ ഇല്ലാതെ ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച് നൽകുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

**<u>1) അധികമായി തുക അനുവദിച്ച് നൽകി</u>**

പ്രസ്തുത പ്രോജക്ട് പ്രകാരം അസ്സിസ്റ്റന്റ് എൻജിനീയറുടെ വാല്യവേഷന്റെ അടിസ്ഥാനത്തിൽ ഭവനപുനരുദ്ധാരണം പൂർത്തീകരിക്കുന്ന ഗുണഭോക്താക്കൾക്ക് 50000 രൂപ നൽകുന്നതിനായിരുന്നു പ്രോജക്ടിൽ വിഭാവനം ചെയ്തത്. എന്നാൽ ആനുകൂല്യം നൽകിയ ഗുണഭോക്താക്കളിൽ 10 പേർക്ക് 75000 രൂപ വീതം നൽകി. ഇത് പ്രകാരം 10 ഗുണഭോക്താക്കൾക്ക് 25000 രൂപ വീതം 250000 രൂപ അധികമായി അനുവദിച്ച് നൽകി. പ്രസ്തുത തുക നിരാകരിച്ച് ഭാഗം 3- ൽ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഖണ്ഡിക 3-1 കാണുക

**<u>2) വാല്യവേഷൻ ഇല്ലാതെ തുക അനുവദിച്ച് നൽകി</u>**

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ (കൈ) നം- 22/2018/ ത.സ്വ.ഭ.വ തീയതി 14-02-2018 ) അസ്സിസ്റ്റന്റ് എൻജിനീയറുടെ വാല്യവേഷന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ ആയതിന് വിരുദ്ധമായി ചുവടെ പറയുന്ന ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച് നൽകി.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | അനുവദിച്ച് നൽകിയ തുക |
|---|---|---|
| 1 | വി.കെ. കുട്ടപ്പൻ<br>വാല്യവേലിൽ<br>ഇടമൺ.പി.ഒ<br>ചേത്തക്കൽ | 50000 |
| 2 | ഓമന രാമചന്ദ്രൻ<br>പറങ്ങമൂട്ടിൽ<br>ഇടമൺ.പി.ഒ<br>ചേത്തക്കൽ | 50000 |
| 3 | സുകുമാരൻ<br>മൈലാട്ടുപാറ<br>ഇടമൺ | 50000 |
| 4 | കുഞ്ഞുകുഞ്ഞമ്മ<br>ഓലിക്കൽ<br>റാന്നി | 50000 |
| 5 | മറിയാമ്മ<br>ചെറിയമാവുങ്കൽ<br>പഴവങ്ങാടി | 50000 |
| 6 | ഭാസ്കരൻ<br>തെക്കേതിൽ<br>ചെല്ലക്കാട്,പി.ഒ | 50000 |

| | | |
|---|---|---|
| | റാന്നി | |
| 7 | രാജു വർഗ്ഗീസ്<br>കാലായിൽ<br>പഴവങ്ങാടി | 50000 |
| 8 | ശോശാമ്മ ബേബി<br>പുത്തൻപറമ്പിൽ<br>പഴവങ്ങാടി | 50000 |
| 9 | ജയൻ ഫിലിപ്പ്<br>തെക്കാടിയിൽ<br>പഴവങ്ങാടി | 50000 |
| 10 | ജോയി.റ്റി.പി<br>തൈക്കാലയിൽ<br>മോതിരവയൽ | 50000 |
| 11 | സാമുവൽ എബ്രഹാം<br>ക്രുനമാക്കൽ<br>കരികുളം.പി.ഒ | 50000 |
| 12 | വി.എം.ശശിധരൻ<br>കണ്ടത്തുവാലേൽ<br>പഴവങ്ങാടി | 50000 |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം അസ്സിസ്റ്റന്റ് എൻജിനീയറുടെ വാല്യവേഷൻ ഇല്ലാതെ തുക നൽകിയ അപാകതക്ക് അടിയന്തിരമായി ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 3 /14-02-2022) നൽകിയിരുന്നു. എന്നാൽ ഫയലിൽ രേഖകൾ ലഭ്യമല്ലായെന്നാണ് നിലവിലെ വി.ഇ.ഒ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. വാല്യവേഷൻ ലഭ്യമല്ലാത്ത സാഹചര്യത്തിൽ വീട് മെയിന്റനൻസ് നടത്തിയിട്ടുണ്ടോയെന്ന് ബോധ്യപ്പെട്ടിട്ടില്ല. ആയതിനാൽ 12 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 600000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അസ്സിസ്റ്റന്റ് എൻജിനീയറിൽ നിന്നുള്ള വാല്യവേഷൻ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ഗ്യാസ് ക്രിമിറ്റോറിയം - പ്രവൃത്തികൾ അനന്തമായി നീളുന്നു

റാന്നി പഴവങ്ങാടി ഗ്രാമപ്പഞ്ചായത്തിലെ 11-ാം വാർഡിൽ ജണ്ടായിക്കൽ എന്ന സ്ഥലത്ത് ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിന് റാന്നി പഴവങ്ങാടി, റാന്നി അങ്ങാടി, റാന്നി, ചെറുകോൽ എന്നീ പഞ്ചായത്തുകൾ 2015-16 ൽ സംയുക്തമായി പ്രോജക്ട് ഏറ്റെടുത്തിരുന്നു. പങ്കാളിത്തമുള്ള മറ്റ് മൂന്ന് പഞ്ചായത്തുകളിൽ നിന്നായി 3746866 രൂപ പദ്ധതിവിഹിതം റാന്നി പഴവങ്ങാടി പഞ്ചായത്തിന് കൈമാറിയിട്ടുണ്ട് എന്ന് പ്രോജക്ട് ഫയലിലെ രേഖകൾ സൂചിപ്പിക്കുന്നു. എന്നാൽ പ്രസ്തുത കണക്കുകൾ പൂർണ്ണമാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. ജി. ഒ. (ആർ.ടി) 2759/2014/ത.സ്വ.ഭ.വ. തീയതി 24.10.2014 പ്രകാരം കോസ്റ്റ്ഫോർഡ് മുഖേന നേരിട്ട് പ്രവൃത്തി ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. 80 ലക്ഷം രൂപ അടങ്കൽ വകയിരുത്തി എസ്റ്റിമേറ്റിന് അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ 28.9.2015 ൽ കോസ്റ്റ്ഫോർഡ് അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിൽ ഏർപ്പെട്ടു. കോസ്റ്റ്ഫോർഡിന് 31.3.2017 ലും 9.3.2018 ലും 1600000 രൂപ വീതം ആകെ 3200000 രൂപ മറ്റ് പഞ്ചായത്തുകളുടെ വിഹിതത്തിൽ നിന്നും അഡ്വാൻസ് നൽകി. എഗ്രിമെന്റിൽ ഏർപ്പെടുമ്പോൾ കരാർ തുകയുടെ 20% മുൻകൂർ നൽകണമെന്നും, തുടർന്ന് അടുത്ത മൂന്ന് സ്റ്റേജുകളിൽ 20% വീതം തുക നൽകണമെന്നും ആയിരുന്നു എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ ആദ്യപാർട്ട് ബില്ലിന് മുമ്പ് തന്നെ 40% തുക മുൻകൂർ ആയി നൽകിയത് ക്രമവിരുദ്ധമാണ്.

ക്രിമിറ്റോറിയത്തിന് കെട്ടിടം നിർമ്മിച്ചതിന്റെ ഇനങ്ങളും അളവും രേഖപ്പെടുത്തി 2558926 രൂപയുടെ ആദ്യപാർട്ട്ബിൽ 25.7.2018 ൽസമർപ്പിച്ചു. തുടർന്ന് 2019-20 ൽ പ്രവൃത്തികൾ ഒന്നുംതന്നെ ചെയ്തിട്ടില്ല. 28.8.2020 ൽ ഫർണസ് സ്ഥാപിച്ചശേഷം ആയതിന്റെ ചെലവും സെന്റേജ് ചാർജ്ജും ഇനത്തിൽ 1693440 രൂപ കൂടി ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അതുവരെയുള്ള പ്രവൃത്തിമൂല്യം 4252366 രൂപ എന്ന് കണക്കാക്കി കോസ്റ്റ് ഫോർഡ് രണ്ടാമത്തെ

പാർട്ട്ബിൽ സമർപ്പിച്ചു. ഇതിന്റെയടിസ്ഥാനത്തിൽ വാർഷിക പദ്ധതിയിൽപ്പെടുത്തി ചെക്ക് നമ്പർ 254335/ 1.2.2022 പ്രകാരം തനത് ഫണ്ടിനത്തിൽ 1000000 രൂപ കൂടി കോസ്റ്റ്ഫോർഡിന് നൽകിയിട്ടുണ്ട്. .

പ്രവൃത്തി നിർവ്വഹണത്തിൽ ഉണ്ടായ അപാകങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. 2015-16 ൽ ആരംഭിച്ച പ്രവൃത്തി ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. കെട്ടിടനിർമ്മാണവും ഫർണസ് സ്ഥാപിക്കലും മാത്രമാണ് പൂർത്തിയായിട്ടുള്ളത്. ചിമ്മിനി സ്ഥാപിയ്ക്കുന്ന പ്രവൃത്തി ഇപ്പോൾ നടന്നവരുന്നു. ബ്ലോവർ, ഗ്യാസ് പൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കൽ, വാട്ടർടാങ്ക്, പെയിന്റിംഗ്, നിർദ്ദിഷ്ട സ്ഥലം ഒരുക്കൽ, അപ്രോച്ച് റോഡ് തുടങ്ങിയ പ്രവൃത്തികൾ ഇനി ചെയ്യാൻ അവശേഷിക്കുന്നു

2. 28.9.15 ൽ കോസ്റ്റ് ഫോർഡ് പഞ്ചായത്തുമായി ആദ്യ എഗ്രിമെന്റിൽ ഏർപ്പെട്ടിരുന്നു. എഗ്രിമെന്റിൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 6 മാസം എന്നായിരുന്നു നിഷ്കർഷിച്ചിരുന്നത്. എന്നാൽ കാലവിളംബം ഉണ്ടാക്കുന്നപക്ഷം ഈടാക്കേണ്ട ഫൈൻ സംബന്ധിച്ച് ടി എഗ്രിമെന്റിൽ സൂചിപ്പിച്ചിരുന്നില്ല.

3. പ്രവൃത്തി പൂർത്തീകരിക്കാത്തതിനെത്തുടർന്ന് 27.2.2017 ൽ ആദ്യ സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടതായും ആയതനുസരിച്ച് പൂർത്തീകരണ കാലയളവ് 30.9.2017 ആയിരുന്നുവെന്നും കോസ്റ്റ്ഫോർഡ് 11.10.2019 ൽ 519/2015 നമ്പർ ആയി അയച്ച കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഒരു എഗ്രിമെന്റ് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചതായി കാണുന്നു. ടി എഗ്രിമെന്റ് ഫയലിൽ സൂക്ഷിച്ചിട്ടുമില്ല. 29.3.2021 ൽ മാത്രമാണ് കോസ്റ്റ്ഫോർഡ് സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളത്. വൈദ്യുത കണക്ഷൻ, വെള്ളം എന്നീ സൌകര്യങ്ങളുടെ അഭാവം, 2018 പ്രളയം, പ്രാദേശികമായ എതിർപ്പുകൾ, കൊവിഡ് 19 എന്നിവയാണ് കാലതാമസത്തിന് കാരണമായി സപ്ലിമെന്ററി എഗ്രിമെന്റിൽ സൂചിപ്പിച്ചിട്ടുള്ളത്.

4. 25.7.2018 വരെ പ്രവൃത്തികൾ ചെയ്തശേഷം 2019-20 വരെ പ്രവർത്തനങ്ങൾ ഒന്നും നടന്നിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി 2019-20, 2020-21 വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. 2021-22 ൽ മാത്രമാണ് തുടർപദ്ധതി ഏറ്റെടുത്തത്.

5. HITECK ക്രിമിറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ്, ആലുവ എന്ന സ്ഥാപനം മുഖേനയാണ് കോസ്റ്റ്ഫോർഡ് ഫർണസ് സ്ഥാപിച്ചിട്ടുള്ളത്. ആകെ 14 ലക്ഷം രൂപ ഫർണസിന്റെ വിലയായി സ്ഥാപനത്തിന് നൽകിയതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ബിൽ പഞ്ചായത്തിന് നൽകിയിട്ടില്ല.

6. ഫർണസ് സ്ഥാപിയ്ക്കുന്നതിന് ആദ്യം 18.5 ലക്ഷം രൂപയാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നത്. എന്നാൽ പ്രദേശവാസികളുടെ എതിർപ്പിനെത്തുടർന്ന് Burial Chambers 32 Nos എന്ന ഇനം ഒഴിവാക്കി എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ, ഫർണസിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സ്പെസിഫിക്കേഷനിൽ വ്യത്യാസം വന്നതായി രേഖപ്പെടുത്തി, ടി ഇനത്തിന് 29 ലക്ഷം രൂപ വകയിരുത്തിക്കാണുന്നു. 14ലക്ഷം രൂപ മാത്രമാണ് ഫർണസിന് ചെലവായത് എന്നിരിക്കെ, ടി ഇനത്തിന് 29 ലക്ഷം രൂപ എസ്റ്റിമേറ്റിൽ വകയിരുത്തിയത് ക്രമപ്രകാരമല്ല. ഫർണസിന് മലിനീകരണനിയന്ത്രണ ബോർഡ് അംഗീകരിച്ച സ്പെസിഫിക്കേഷന്റെയും നിരക്കിന്റെയും വിശദാംശം കോസ്റ്റ്ഫോർഡിൽ നിന്നും പഞ്ചായത്ത് വാങ്ങിയിട്ടുമില്ല.

7. പദ്ധതിയ്ക്കായി മറ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭിച്ച വിഹിതം സംബന്ധിച്ച കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. 2020-21 വരെയും പ്രവൃത്തിയുടെ മോണിട്ടറിംഗ് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല എന്നത് ഫയലിൽ നിന്ന് വ്യക്തമാണ്. യഥാസമയം സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെടാതിരുന്ന കോസ്റ്റ്ഫോർഡിൽ നിന്നും ഫൈൻ ഈടാക്കുന്നതിനും ശ്രമം ഉണ്ടായിട്ടില്ല.

മേൽസൂചിപ്പിച്ച അപാകങ്ങൾ പരിഹരിച്ച് പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ഭരണതലനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 മരാമത്ത് പ്രവൃത്തികൾ - മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല

കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2113 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ നിശ്ചിത മാതൃകയിലുള്ള പൂർത്തീകരണ സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതാണ്. പണി തൃപ്തികരമായി പൂർത്തിയാക്കിയതായി സാക്ഷ്യപ്പെടുത്തിക്കൊണ്ട് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ആണ് ഫയലിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ 2019-20 ൽ നടപ്പാക്കിയ ഒരു പ്രവൃത്തിയ്ക്കും ഇപ്രകാരം മോണിട്ടറിംഗ് സമിതി റിപ്പോർട്ട് വാങ്ങി സൂക്ഷിച്ചിട്ടില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ ബോർഡ് കൂടി ഓരോ പ്രവൃത്തിയുടെയും ഭാഗമായി സ്ഥാപിക്കേണ്ടതാണ് എന്ന് 21.6.2018 ൽ ഇ20/6699/സി.ഇ/ത.സ്വ.ഭ.വ. ആയുള്ള സർക്കുലറിലെ നിർദ്ദേശവും പാലിച്ചിട്ടില്ല. നടപ്പ് വർഷം മുതൽ അപാകങ്ങൾ പരിഹരിച്ചുകൊണ്ട് പ്രവൃത്തി നിർവ്വഹണം നടത്തുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 കമ്മ്യൂണിറ്റി ലെവൽ ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തിലെ ബസ് സ്റ്റാന്റ്, മാർക്കറ്റ് എന്നിവിടങ്ങളിലായി ഓരോ കമ്മ്യൂണിറ്റി ലെവൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിയ്ക്കുന്നതിന് 2013-14 ൽ ആവിഷ്ക്കരിച്ച പദ്ധതി പ്രകാരം തനത് ഫണ്ടിനത്തിൽ 370179 രൂപയും 2014-15 ലെ സ്പിൽ ഓവർ പദ്ധതി പ്രകാരം ശുചിത്വമിഷൻ ഫണ്ടിനത്തിൽ 268420 രൂപയും കരാറിൽ ഏർപ്പെട്ട റോയൽ അസോസിയേറ്റ്സ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയിരുന്നു. 21.12.2013 ൽ കരാർ വച്ച് നിർമ്മാണം ആരംഭിച്ചിട്ടുള്ള 2 കമ്മ്യൂണിറ്റി ലെവൽ ബയോഗ്യാസ് പ്ലാന്റുകളുടെയും നിർമ്മാണം നിലവിൽ ശുചിത്വമിഷന്റെ തുക ലഭിക്കാത്തതിനാൽ മുടങ്ങിക്കിടക്കുകയാണ് എന്നും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ശുചിത്വമിഷനിൽ നിന്ന് 364449 രൂപ ലഭിക്കാനുണ്ട് എന്നും 29.10.2019 ലെ 5(1) നമ്പർ ആയി പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ സൂചിപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം ഇതേവരെ പൂർത്തീകരിയ്ക്കുന്നതിനോ ശുചിത്വമിഷനിൽ നിന്ന് ഫണ്ട് ലഭ്യമാക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് 18.2.2022 ൽ 12-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.

ശുചിത്വമിഷനിൽ നിന്ന് ബാക്കി ഫണ്ട് ലഭ്യമാക്കുന്നതിനും പ്രവൃത്തികൾ പൂർത്തീകരിയ്ക്കുന്നതിനും നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 1-24 പ്രതിമാസ വെള്ളക്കരം അടവാക്കുന്നില്ല; കുടിശ്ശിക അടവാക്കാനുള്ളത് 35.59 ലക്ഷം രൂപ

ഗ്രാമപഞ്ചായത്ത് നിലവിൽ വെള്ളക്കരം അടവാക്കുന്നില്ല. മുൻകുടിശ്ശിക തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുമില്ല. ഇക്കാരണത്താൽ പിഴത്തുക ഉൾപ്പെടെ കുടിശ്ശിക വർദ്ധിക്കുന്നു.

2021 ജൂലൈ മാസം മുതൽ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള വെള്ളക്കരം അടവാക്കുന്നില്ല. എന്ത്കാരണത്താലാണ് വെള്ളക്കരം അടവാക്കാത്തതെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 22/21.02.2022) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് വേളയിലെ(2022 ഫെബ്രുവരി മാസത്തിലെ) വെള്ളക്കരത്തിന്റെ ബിൽ പ്രകാരം പഞ്ചായത്തിൽ 220 ടാപ്പുകളാണുള്ളത്. വെള്ളക്കര ബില്ലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 31.01.2022 ലെ നീക്കിയിരുപ്പ് | 3391481 |
| ഫൈൻ | 66563 |
| തൻമാസ ഡിമാന്റ് | 101071 |
| ആകെ | 3359116 |

1993 ലെ ജലവിതരണ ചട്ടം 7(7) പ്രകാരം ഡിമാന്റ് തുക അടവാക്കാതിരുന്നാൽ പ്രതിമാസം 2% നിരക്കിൽ ഫൈൻ തുക അടവാക്കേണ്ടതുണ്ട്. തൻ മാസ ഡിമാന്റ് ഉൾപ്പെടെ കുടിശ്ശിക തുകയ്ക്ക് പ്രതിമാസം 2% നിരക്കിൽ ഫൈൻ അടയ്ക്കേണ്ടി വരുന്നു. 2020 മാർച്ച് മാസത്തെ ബിൽ പ്രകാരം കുടിശ്ശികയുൾപ്പെടെ ആകെ 20.85ലക്ഷം രൂപയാണ് അടവാക്കാൻ ഉണ്ടായിരുന്നതെങ്കിൽ, 2021മാർച്ച് മാസം ഇത് 25.29 ലക്ഷം രൂപയായി വർദ്ധിച്ചു. ഒരു വർഷക്കാലയളവിൽ കുടിശ്ശികത്തുക 5 ലക്ഷം രൂപ വർദ്ധിച്ചു എന്നത് ഗൗരവകരമായ വിഷയമാണ് .

നിലവിൽ 220 ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കുന്നത്. ഇവയിൽ പ്രവർത്തനക്ഷമമായ ടാപ്പുകൾ എത്രയാണെന്നത് വ്യക്തമല്ല. വാട്ടർ അതോറിറ്റി അധികാരികളുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ കൃത്യമായ എണ്ണം കണക്കാക്കേണ്ടതും, പഞ്ചായത്തിന് ആവശ്യമില്ലാത്തതും പ്രവർത്തനക്ഷമമല്ലാത്തതുമായ ടാപ്പുകൾ ഒഴിവാക്കി അമിത വാട്ടർ ചാർജ് മൂലമുണ്ടാകുന്ന അധികച്ചെലവ് ഒഴിവാക്കേണ്ടതുമാണ്. കുടിശ്ശിക തുക അടവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചില്ല

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംമ്പ്രദായം ഏർപ്പെടുത്തുന്നതിന് തുക ഡെപ്പോസിറ്റ് ചെയ്ത് 2 വർഷം കഴിഞ്ഞിട്ടും മീറ്റർ സ്ഥാപനം യാഥാർത്ഥ്യമായില്ല. ഗ്രാമപഞ്ചായത്ത് ഇക്കാര്യത്തിൽ നിസ്സംഗത പുലർത്തുന്നു.

മീറ്റർ സ്ഥാപിക്കുന്നതിനായി 2019-20 വർഷം 353192 രൂപയും 2020-21വർഷം 295504 രൂപയും കെ.എസ്സ് ഇ ബി യിൽ നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ ഉള്ളതായി കാണുന്നു. എസ്റ്റിമേറ്റ് ലഭ്യമാക്കാതെ കെ.എസ്സ്.ഇ.ബിയുടെ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ തുക നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്. ഏതൊക്കെ സ്ഥലങ്ങളിൽ എത്ര മീറ്ററുകളാണ് സ്ഥാപിക്കുന്നതെന്ന് വ്യക്തമല്ല. മാത്രവുമല്ല ഗ്രാമപഞ്ചായത്ത് സെക്രട്ടറി KSEB യുമായി കരാറിൽ ഏർപ്പെട്ടിട്ടുമില്ല. ബന്ധപ്പെട്ട ഊർജ്ജ വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടിന്റെ മോണിട്ടറിംഗ് നടത്തിയിട്ടുമില്ല.

തുക ഒടുക്കി 2 വർഷം കഴിഞ്ഞിട്ടും തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല. തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിക്കാതെ ഗ്രാമപഞ്ചായത്ത് ഇക്കാര്യത്തിൽ നിസ്സംഗത പുലർത്തുന്നതിനാൽ പ്രവർത്തിക്കാത്ത തെരുവ് വിളക്കുകളുടെ ചാർജ് അധികമായി അടയ്ക്കുന്നതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നു. കെ.എസ്സ്.ഇ.ബി. യിൽ നിന്ന് എസ്റ്റിമേറ്റ് ലഭ്യമാക്കി കരാറിലേർപ്പെടേണ്ടതും മീറ്ററിംഗ് യാഥാർത്ഥ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിച്ച് തനതുഫണ്ട് നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 1-26 ബഡ്സ് സ്കൂൾ ആരംഭിച്ചില്ല; 25 ലക്ഷം രൂപ നഷ്ടപ്പെടുത്തി

ഗ്രാമപ്പഞ്ചായത്തിൽ ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് 2018-19 സാമ്പത്തിക വർഷം ജില്ലാ കുടുംബശ്രീ മിഷൻ മുഖേന മുൻകൂറായി 1250000 രൂപ ലഭിച്ചിരുന്നു. തുക ലഭ്യമായി ഒരു മാസത്തിനകം ബഡ്സ് സ്കൂൾ ആരംഭിക്കുന്നതാണെന്നും തുടർ ചെലവുകൾ പഞ്ചായത്ത് നടത്തുന്നതായിരിക്കും എന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനം കുടുംബശ്രീ മിഷനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക ലഭിച്ചത്. എന്നാൽ സ്ഥലം കണ്ടെത്താൻ പഞ്ചായത്തിനു കഴിഞ്ഞില്ല. 25 ലക്ഷം രൂപ പദ്ധതിയ്ക്കായി കുടുംബശ്രീ മിഷൻ വകയിരുത്തിയിരുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ 29.10.2019 ലെ 17/1 തീരുമാനപ്രകാരം പ്രവർത്തനം നിലച്ച ഐത്തല ഗവണ്മെന്റ് എസ് പി സ്കൂളിൽ സെന്റർ ആരംഭിക്കുന്നതിന് വിദ്യാഭ്യാസ അധികാരികളോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പിന്നീട് തുടർ പ്രവർത്തനങ്ങൾ നടത്തി സെന്റർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞില്ല. ഇതേത്തുടർന്ന് തുക തിരികെ നൽകാൻ കുടുംബശ്രീ മിഷനിൽ നിന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ തുക 13.10.2020തീയതിൽ തിരിച്ചടച്ചു. ബഡ്സ് സ്കൂളിന്റെ പ്രവർത്തനം മികച്ച രീതിയിൽ ആരംഭിച്ചിരുന്നെങ്കിൽ 25 ലക്ഷം രൂപ ധനസഹായമായി ലഭ്യമാകുമായിരുന്നു. പഞ്ചായത്ത് ബഡ്സ് സ്കൂൾ ആരംഭിക്കാൻ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് തുക ലഭ്യമായതെന്നതും ശ്രദ്ധേയമാണ്. ഭിന്നശേഷിയുള്ളവർക്കു വേണ്ടിയുള്ള പ്രത്യേക പദ്ധതി തയ്യാറാക്കണമെന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ടെന്നിക്കേ ലഭ്യമായ തുക നഷ്ടപ്പെടുത്തിയത് പഞ്ചായത്ത് ഭരണ സമിതിയുടെ , വിശേഷ്യാ ക്ഷേകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 അഗതി രഹിത കേരളം പദ്ധതിയ്ക്കു നൽകിയ വികസന ഫണ്ട് 4.38 ലക്ഷം രൂപ ചെലവഴിച്ചില്ല

പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ 438912 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. 2020-21 വർഷം പദ്ധതിയ്ക്കായുള്ള പ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. പദ്ധതിയ്ക്കായുള്ള ബാങ്ക് അക്കൗണ്ടിൽ നിലവിൽ 3617601 രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നു.

ചലഞ്ച് ഫണ്ട് ചെലവഴിച്ചുള്ള ഭക്ഷണ വിതരണം മാത്രമാണ് നിലവിൽ പദ്ധതിയുടെ ഭാഗമായി നടക്കുന്നത്. ചെലവ് കാണിക്കുന്നതിനായി വികസന ഫണ്ട് പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് ധനവിനിയോഗ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായാണ് പ്രോജക്ട് ആവിഷ്കരിച്ചത്. കുടുബശ്രീ ചാർജ് ഓഫീസറായ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനാകുന്നതിനു പകരം സെക്രട്ടറി നിർവ്വഹണം നടത്തി ഫണ്ട് കൈമാറുന്നതിന് മാത്രമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

ലഭ്യമായ തുക പ്രോജക്ടിൽ വകയിരുത്തിയതു പ്രകാരം ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 കേരള സാമൂഹ്യ സുരക്ഷാമിഷനിലേക്ക് അടവാക്കിയ തുകയുടെ വിനിയോഗ രേഖകളില്ല.

| ക്രമ.നം. | പദ്ധതിയുടെ പേരും നമ്പരും | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനായി കേരള സാമൂഹ്യ സുരക്ഷാമിഷനിലേക്ക് തുക അടവാക്കൽ, 63/21 | വികസന ഫണ്ട്-100000 | വികസന ഫണ്ട്-100000 (ബിൽ നം.16/28.06.20) |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി കോക്ലിയർ ഇംപ്ലാന്റിനു ശേഷമുള്ള ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനുള്ള ചെലവ് വഹിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. കോക്ലിയർ

ഇംപ്ലാന്റേഷൻ കഴിഞ്ഞ രണ്ട് കുട്ടികൾക്കായി 100000രൂപ സാമൂഹ്യ സുരക്ഷാ മിഷന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ ടി. തുക ഗ്രാമപഞ്ചായത്ത് നിവാസികളായ കുട്ടികൾക്കായി ചെലവഴിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യ പത്രം സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും വാങ്ങി ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (5/16.02.2022) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലായെന്നും ഉടൻ തന്നെ വാങ്ങി ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 ഗുണഭോക്താക്കളുടെ മരണം രജിസ്റ്റർ ചെയ്തതിനു ശേഷവും പെൻഷൻ വിതരണം ചെയ്യുന്നു

ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുമ്പോൾത്തന്നെ പെൻഷൻ സസ്പെന്റ് ചെയ്യാത്തതിനാൽ അധിക തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നു. പിന്നീട് തുക തിരികെ ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടി വരുന്നു. മരണ രജിസ്ട്രേഷൻ, ക്ഷേമ പെൻഷൻ സെക്ഷനുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയാണ് ഇത് വ്യക്തമാക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | മരണപ്പെട്ട തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | പെൻഷൻ സസ്പെന്റ് ചെയ്ത തീയതി | അധികം നൽകിയ പെൻഷൻ |
|---|---|---|---|---|---|---|
| 1 | നാരായണൻ കുഞ്ഞുപിള്ള | 103970200382 | 18.03.2021 | 26.03.2021 | 17.05.2021 | 3100 |
| 2 | സുകുമാരൻ എം.കെ | 103970201420 | 26.02.2021 | 26.03.2021 | 17.05.2021 | 4600 |
| 3 | മാധവി പി കെ | 103970201093 | 31.03.2021 | 31.03.2021 | 17.05.2021 | 3100 |

ഇത്തരത്തിൽ നിരവധി ഗുണഭോക്താക്കളുടെ മരണം രജിസ്റ്റർ ചെയ്തതിനു ശേഷവും പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യാത്തതിനാൽ അധികത്തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിന് ഇടയായിട്ടുണ്ട്. മരണം രജിസ്റ്റർ ചെയ്യപ്പെടുമ്പോൾത്തന്നെ ക്ഷേമ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേ ണ്ടതാണ്. ഈ വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-30 വിവിധ പദ്ധതികളിൽ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08-08-2019 ലെ 3(1),4(1) എന്നീ തീരുമാനങ്ങൾ പ്രകാരം 2015-16,2017-18 വർഷങ്ങളിൽ വീട് വാസയോഗ്യമാക്കൽ, കക്കൂസ് നിർമ്മാണം എന്നീ പ്രോജക്ടുകളിൽ ഒന്നാം ഗഡു തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ലായെന്നും ആയതിനാൽ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനായി വി.ഇ.ഒ- യെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. വീട് വാസയോഗ്യമാക്കൽ എന്ന പദ്ധതിയിൽ ആദ്യ ഗഡുവായി 10000 രൂപയും കക്കൂസ് നിർമ്മാണം എന്ന പ്രോജക്ടിൽ 7200 രൂപയുമാണ് ഗുണഭോക്താക്കൾ കൈപ്പറ്റിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**കക്കൂസ് നിർമ്മാണം**

1) തങ്കച്ചൻ, ഇട്ടിക്കൽ, കരികുളം

2) തങ്കമ്മ തമ്പി, മൂഴിക്കൽ വീട്, ചെല്ലക്കാട്

3) സന്തോഷ്, ഓരിപാറ വീട്, ചെല്ലക്കാട്

4) സാംസൺ.ടി.എ, തേരിട്ട മടക്കൽ,ചെല്ലക്കാട്

5) സോഫിയ, പള്ളിപ്പറമ്പ്, മക്കപ്പുഴ

6) സാജൻ, പരുത്തിയിൽ, ചെറുകുളഞ്ഞി

7) എം.കെ.സോമൻ,മുള്ളൻകല്ലിൽ, കരികുളം

**വീട് മെയിന്റനൻസ്**

1) വി.പി.ഏലിയാമ്മ, വെട്ടിത്തറ,ചേത്തക്കൽ

2) ലിസി മാത്യു, നെല്ലിക്കൽ, മക്കപ്പുഴ

3) സിജോ .സി .മാത്യു, ചരുവിൽ, ചെല്ലക്കാട്

വി.ഇ.ഒ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ- 17 തീയതി 19-02-2022) നൽകിയിരുന്നു. വി.ഇ.ഒ ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് രണ്ട് തവണ നോട്ടീസ് നൽകിയിരുന്നു എന്നാണ് അറിയിച്ചത്. നിർമ്മാണം പൂർത്തീകരിച്ച് തുക നൽകുന്നതിനായി നിലവിൽ സ്പിൽ ഓവറായി പ്രോജക്ടുകളൊന്നുമില്ല. ആയതിനാൽ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ പരിശോധിച്ച് വി.ഇ.ഒ അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യമാണെങ്കിൽ നൽകിയ തുക തിരികെ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-31 ആധുനിക അറവുശാല - കെട്ടിടം നിഷ്ക്രിയ ആസ്തിയായി തുടരുന്നു

പഞ്ചായത്ത് 2010-11 ൽ 1163537 രൂപ ചെലവഴിച്ച് ആധുനിക അറവുശാലയ്ക്ക് നിർമ്മിച്ച കെട്ടിടം അറവുശാല സ്ഥാപിച്ചിട്ടില്ലാത്തതിനാൽ നിലവിൽ നിഷ്ക്രിയ ആസ്തിയായി തുടരുന്നു. ചെലവഴിച്ച തുക പാഴായി പരിണമിച്ചതിലേക്കും നിർദ്ദിഷ്ട കെട്ടിടം വികസന മേഖലയിൽ ഉചിതമായ പദ്ധതികൾക്ക് ഉപയോഗപ്പെടുത്തുന്നതിലേക്കും ഭരണതല നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകങ്ങൾ

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കണ്ട അപാകങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ചെറിയ അളവിലുള്ള റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ആണ് ഭൂരിഭാഗവും ഏറ്റെടുത്തിട്ടുള്ളത്. റോഡ് പ്രവൃത്തികൾക്കായി ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുന്ന സങ്കുചിതമായ കാഴ്ചപ്പാടാണ് അവലംബിച്ചുവരുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | കോൺക്രീറ്റ് ചെയ്ത റോഡിന്റെ നീളം (മീറ്റർ) | പ്രവൃത്തിമൂല്യം |
|---|---|---|---|---|
| 1 | ഉള്ളിൽക്കപ്പടി ആലാപ്പടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ.പ്രെജോ.പി.നായർ | 28.5 | 88902 |
| 2 | മഠത്തുംപടി പച്ചടിക്കാമല റോഡ് കോൺക്രീറ്റിംഗ് | ശ്രീ.പ്രെജോ.പി.നായർ | 24 | 98856 |
| 3 | മധുരംകോട്ട്പടി തടത്തിൽ പടി റോഡ് | | 13 | 41745 |
| 4 | തേരിട്ടമട-പാലപ്പറമ്പിൽ ഇടവഴി കോൺക്രീറ്റ് | | 27 | 34574 |

2. ടെണ്ടർ നടപടികൾ സുതാര്യമല്ല. ഭൂരിഭാഗം പ്രവൃത്തികളുടെയും ടെണ്ടറുകൾ എസ്റ്റിമേറ്റ് നിരക്കിലോ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ തീരെ ചെറിയ കുറവിലോ ( ഉദാ - 0.1 % കുറവ്) ആണ് ക്വോട്ട് ചെയ്യപ്പെടുന്നത്. മത്സരാധിഷ്ഠിത ടെണ്ടറുകൾ സമർപ്പിക്കപ്പെടുന്നുണ്ടോയെന്ന് മോണിട്ടർ ചെയ്യപ്പെടുന്നില്ല.

മേൽസൂചിപ്പിച്ച അപാകങ്ങൾ പരിഹരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം-അപാകതകൾ

| ക്രമ.നം. | പദ്ധതിയുടെ പേരും നമ്പരും | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഭിന്നശേഷി സ്കോളർഷിപ്പ്, 47/21 | വികസന ഫണ്ട് | 400000 | വികസന ഫണ്ട് | 400000 |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 100000 | ബ്ലോക്ക് പഞ്ചായത്ത് | 100000 |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 255000 | | |
| | | ആകെ | 755000 | ആകെ | 500000 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതി പ്രകാരം ആകെ 34 വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും അർഹമായ മുഴുവൻ തുകയും ധനസഹായമായി അനുവദിച്ചിട്ടില്ല. എന്നാൽ നാല് വിദ്യാർത്ഥികൾക്ക് അർഹമായതിലും അധികം തുക അനുവദിച്ചിട്ടുമുണ്ട്. ആകെ വകയിരുത്തിയ 755000 രൂപയിൽ 500000രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. സമൂഹത്തിലെ ഏറ്റവും അർഹതപ്പെട്ടവരെന്ന നിലയിൽ പ്രത്യേക പരിഗണന നൽകി, കോവിഡിന് മുൻപ് ലഭിച്ചിരുന്ന മുഴുവൻ സാമ്പത്തിക ആനുകൂല്യങ്ങളും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക ധനസഹായമെന്ന നിലയിൽ അനുവദിക്കുന്നതിന് 05.01.2021-ലെ സ.ഉ.(സാധാ) നം.25/2021/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിന്റെ അന്തസത്ത ഉൾക്കൊണ്ടുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 27500 രൂപ വരെ സ്കോളർഷിപ്പിന് അർഹതയുണ്ടായിരുന്നിട്ടും 18562 വീതമാണ് അനുവദിച്ചിട്ടുള്ളത്. ചലന വൈകല്യമുള്ള കുട്ടികൾക്കുള്ള പ്രതിമാസ യാത്രാ ബത്ത (400രൂപ നിരക്കിൽ) പൂർണ്ണമായി അനുവദിച്ചിട്ടില്ല. സ്കോളർഷിപ്പ് വിതരണത്തിലെ അപാകതകൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

<u>അർഹമായ തുക അനുവദിച്ചില്ല.</u>

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | വിഭാഗം | അർഹമായ തുക | അനുവദിച്ച തുക |
|---|---|---|---|---|
| 1 | രമ്യാ കെ. ജോൺ | മാനസിക വെല്ലുവിളി നേരിടുന്ന | 27500 | 18562 |
| 2 | സിനി തോമസ് | " | 27500 | 18562 |
| 3 | എബിൻ ജോൺ | " | 27500 | 18562 |
| 4 | സൗമ്യ കെ.എസ്. | " | 27500 | 18562 |
| 5 | ആരോമൽ സുരേഷ് | " | 27500 | 18562 |
| 6 | അഖിൽ സി. സുരേഷ് | " | 27500 | 18562 |
| 7 | ബെൻസൺ പ്രകാശ് | " | 27500 | 18562 |
| 8 | ആശിഷ് സി. തോമസ് | " | 27500 | 18562 |
| 9 | ദീപ സന്തോഷ് (ആശിഷ് സന്തോഷ്) | " | 27500 | 8512 |
| 10 | അഖിൽ പ്രതാപൻ | " | 27500 | 8000 |
| 11 | ഷിനു പി.ബി. | 8th , ചലന വൈകല്യം | 10600 | 6000 |
| 12 | ലക്ഷ്മിലാൽ കുന്നേൽ | 7th , ചലന വൈകല്യം | 10600 | 8000 |
| 13 | ബ്ലസ്സി എബ്രഹാം | +2, ചലന വൈകല്യം | 12000 | 9600 |
| 14 | നിഷ ആനി ബേബി | ബിരുദം, ചലന വൈകല്യം | 10600 | 17000 |

| | | | | |
|---|---|---|---|---|
| 15 | ഏബൽ സാജു | നഴ്സറി, ചലന വൈകല്യം | 9300 | 8000 |

അർഹമായതിലും അധികം തുക അനുവദിച്ചു

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | വിഭാഗം | അർഹമായ തുക | അനുവദിച്ച തുക |
|---|---|---|---|---|
| 1 | ഡെയ്സിമോൾ റ്റി.ആർ | ബിരുദം, ചലന വൈകല്യം | 17000 | 18562 |
| 2 | ശിവാനി രഞ്ജു | 8th , സംസാര, കേഴ്വി വൈകല്യങ്ങൾ | 6600 | 8000 |
| 3 | ആരോൺ രഞ്ജിത്ത് | 5th , സംസാര, കേഴ്വി വൈകല്യങ്ങൾ | 6600 | 16062 |
| 4 | അഡോണിയ സണ്ണി ജോൺസൺ | 9th , കേഴ്വി വൈകല്യം | 8000 | 12562 |

പദ്ധതിയിൽ തുക ലഭ്യമായിരുന്നിട്ടും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് അർഹമായ മുഴുവൻ സ്കോളർഷിപ്പ് തുകയും വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (5/16.02.2022) മറുപടിയായി ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കാത്തതു കൊണ്ടാണ് മുഴുവൻ തുകയും വിതരണം നടത്താൻ സാധിക്കാതെ പോയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ടി.മറുപടി അംഗീകരിക്കത്തക്കതല്ല. സമൂഹത്തിലെ ഏറ്റവും അർഹതപ്പെട്ടവരെന്ന നിലയിൽ പ്രത്യേക പരിഗണന നൽകേണ്ട വിഭാഗത്തിനുള്ള ആനുകൂല്യങ്ങൾ പൂർണ്ണമായി വിതരണം ചെയ്യുന്നതിന് കാര്യക്ഷമമായ നടപടികൾ ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥയുടെയും ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. ആനുകൂല്യം കണക്കാക്കുന്നതിൽ ഗുരുതര വീഴ്ച്ചയും നിർവ്വണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് ഉണ്ടായിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെയിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അധികമായി അനുവദിച്ചു നൽകിയ തുക വിദ്യാർത്ഥികളുടെ അടുത്ത വർഷത്തെ സ്കോളർഷിപ്പ് തുകയിൽ ക്രമീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

## 1-34 മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

2020-21 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണഉദ്യോഗസ്ഥനായി ആശുപത്രിൾക്കും, പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്കും മരുന്ന വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം പണം മുൻകൂർ ഒടുക്കിയിട്ടുണ്ട്.

| ക്രമ. നം. | പ്രോജക്ടിന്റെ പേര് | പണം അടവാക്കിയ ഏജൻസി / സ്ഥാപനം | അടച്ച തുക | ബിൽ നം./ തീയതി |
|---|---|---|---|---|
| 1 | തദ്ദേശ ഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന വാങ്ങി നൽകൽ (15/21) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് | 50000 | 19/20.02.2021 |
| 2 | ആരോഗ്യ സ്ഥാപനത്തിലേക്ക് മരുന്ന വാങ്ങൽ (100/21) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് | 200000 | 15/23.01.2021 |
| 2 | പാലിയേറ്റീവ് കെയർ പ്രോജക്ട് (14/21) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് | 200000 | 20/20.02.2021 |

എന്നാൽ മരുന്നുകൾ ലഭിച്ചതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (21/21.02.22) നൽകിയിരുന്നെങ്കിലും രേഖകൾ ഹാജരാക്കുകയോ, മറുപടി ലഭ്യമാക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടുണ്ടോ യെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

മുൻകൂർ നൽകിയ തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 ആവശ്യാധിഷ്ഠിതമല്ലാതെ മരുന്ന് വാങ്ങുന്നു.

| പദ്ധതിയുടെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
|---|---|
| പദ്ധതി നം: | 71/20-21 |
| അടങ്കൽ തുക | 4,00,000/- |
| ചെലവ്തുക | 4,00,000/- |

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി ആവിഷ്കരിച്ച മേൽ പ്രോജക്ടുപ്രകാരം ലഭ്യമായ മരുന്നുകളുടെ സ്റ്റോക്ക്, സബ് സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധിച്ചതിൽ, പലയിനം മരുന്നുകളും വലിയ അളവിൽ സ്റ്റോക്കിലുള്ളപ്പോൾ വീണ്ടും അതേ മരുന്നുകൾ തന്നെ ടി - പ്രോജക്ടു പ്രകാരം വാങ്ങിയിട്ടുണ്ട് എന്ന് വ്യക്തമായി. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | മരുന്നിന്റെ പേര് | സ്റ്റോക്കിലുള്ള നീക്കിയിരുപ്പ് | പുതിയതായി വാങ്ങിയത് |
|---|---|---|---|
| 1 | Hypericum-200 | 1500 Ml | 200 Ml |
| 2 | Belladona-200 | 900 Ml | 200 Ml |
| 3 | Basilinum-200 | 500 Ml | 300 Ml |
| 4 | Graphites-200 | 500 Ml | 200 Ml |
| 5 | Mullen Oil | 2700 Ml | 200 Ml |

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നമ്പർ:4/20-21 തീയതി 19.02.22) മറുപടിയായി, അതാത് സാമ്പത്തിക വർഷങ്ങളിൽ ഇൻഡന്റ് ചെയ്യപ്പെടുന്ന മരുന്നുകൾ ഒരു വർഷത്തിലധികം കാലതാമസത്തിലാണ് ഹോംകോയിൽ നിന്നും ലഭ്യമാക്കുന്നതെന്നും ആയതിനാൽ മരുന്നുകളുടെ ദൗർലഭ്യം ഉണ്ടാകാതിരിക്കുവാനാണ് ഇൻഡന്റ് ചെയ്യുന്നതെന്നുമുള്ള മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടുള്ളത്.

മരുന്നിന്റെ ദൈനംദിന വിനിയോഗം പരിഗണിക്കാതെ അധികം മരുന്ന് വാങ്ങുന്നത് ആശാസ്യകരമല്ല. തുടർ വർഷങ്ങളിൽ ഇത്തരം പ്രവണത ആവർത്തിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 വീട് മെയിന്റനൻസ്- ഗുണഭോക്താക്കൾക്ക് തുക അധികം നൽകി

| പ്രോജക്ടിന്റെ നമ്പരും പേരും | ഭവന പുനരുദ്ധാരണം ( പ്രോജക്ട് നം- 247/21) |
|---|---|
| വകയിരുത്തിയ തുക | 2950000 രൂപ – തനത് ഫണ്ട് |
| ചെലവഴിച്ച തുക | 2075000 രൂപ |
| ചെക്ക് നമ്പരും തീയതിയും | 725000 രൂപ- 5295218 തീയതി 24-08-2020<br>975000 രൂപ- 5295219 തീയതി 24-08-2020<br>75000 രൂപ- 5295233തീയതി 24-09-2020<br>300000 രൂപ- 5295254തീയതി 17-11-2020 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

2019-20 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി വീട് പനരുദ്ധാരണം എന്ന പേരിൽ തനത് ഫണ്ടിൽ 3400000 രൂപ വകയിരുത്തി പ്രോജക്ട് (പ്രോജക്ട് നം-250/19-20) ആവിഷ്കരിച്ചിരുന്നു. 1200000 രൂപയായിരുന്നു പദ്ധതി ചെലവ്. അസ്സിസ്റ്റന്റ് എൻജിനീയറുടെ വാലുവേഷന്റെ അടിസ്ഥാനത്തിൽ ഭവനപുനരുദ്ധാരണം പൂർത്തീകരിക്കുന്ന ഗുണഭോക്താക്കൾക്ക് 50000 രൂപ നൽകുന്നതിനായിരുന്നു പ്രോജക്ടിൽ വിഭാവനം ചെയ്തത്. ഇത് പ്രകാരം 44 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു തുകയായി 25000 രൂപയും 2 ഗുണഭോക്താക്കൾക്ക് 50000 രൂപയും നൽകിയിരുന്നു. തുടർന്ന് ഒന്നാം ഗഡു അനുവദിച്ച ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു നൽകുന്നതിനും പുതിയതായി എഗ്രിമെന്റ് വച്ച ഗുണഭോക്താക്കൾക്ക് തുക നൽകുന്നതിനുമായി കൂടുതൽ തുക വകയിരുത്തി മുകളിൽ പറഞ്ഞ പ്രകാരം സ്പിൽ ഓവറായി 2020-21 വർഷം പദ്ധതി നടപ്പിലാക്കി.

പ്രസ്തുത പ്രോജക്ട് പ്രകാരം 2019-20 വർഷം എഗ്രിമെന്റ് വച്ച് ആദ്യഗഡു കൈപ്പറ്റിയ 10 ഗുണഭോക്താക്കൾക്ക് വാലുവേഷന്റെ അടിസ്ഥാനത്തിൽ 50000 രൂപ സബ്സിഡി നൽകുന്നതിന് പകരം തെറ്റായി 75000 രൂപ വാലുവേഷൻ ഇല്ലാതെ അനുവദിക്കുകയും ചെയ്തു. ട്രഷറി സേവിംഗ്സ് അക്കൗണ്ട് മുഖേന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ റാന്നി സബ്ട്രഷറിയിൽ നിന്നും (19-02-2022-ലെ ഇ-104/2022 നമ്പർ കത്ത് പ്രകാരം) ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക അധികമായി അനുവദിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | അക്കൗണ്ട് നമ്പർ | 2019-20 വർഷം അനുവദിച്ച തുക | 2020-21 വർഷം അനുവദിച്ച തുക | ആകെ നൽകിയ തുക | അനുവദിനീയമായ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | നാരായണനാചാരി<br>ആലുങ്കൽ<br>പഴവങ്ങാടി | 03220530000010697 | 25000 | 50000 | 75000 | 50000 | 25000 |
| 2 | ജോളി ജോസഫ്<br>അഴകോട്ടയിൽ<br>52 കോളനി<br>മോതിരവയൽ | 909324741 | 25000 | 50000 | 75000 | 50000 | 25000 |
| 3 | സലീമാകുട്ടി<br>പുന്നമൂട്ടിൽ<br>52 കോളനി<br>മോതിരവയൽ | 6153268835 | 25000 | 50000 | 75000 | 50000 | 25000 |
| 4 | രവീന്ദ്രൻ<br>പുത്തൻപുരയ്ക്കൽ<br>ചെല്ലക്കാട് | 6179708669 | 25000 | 50000 | 75000 | 50000 | 25000 |
| 5 | ജോൺ ജോസഫ്<br>കല്ലുങ്കൽ<br>മോതിരവയൽ | 12070100130383 | 25000 | 50000 | 75000 | 50000 | 25000 |
| 6 | ശിവൻ ആചാരി<br>ചെറുവള്ളിൽ<br>ചേത്തക്കൽ.പി.ഒ | 6706425486 | 25000 | 50000 | 75000 | 50000 | 25000 |
| 7 | രാജു<br>പാറയിൽ<br>ചെല്ലക്കോട് | 10400100211556 | 50000 | 25000 | 75000 | 50000 | 25000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | റാന്നി | | | | | | |
| 8 | മറിയാമ്മ തെക്കാടിയിൽ കരികുളം | 040601000019800 | 50000 | 25000 | 75000 | 50000 | 25000 |
| 9 | ബാബു.പി വാഴയിൽ മുക്കാലുമൺ റാന്നി | 504902010013116 | 50000 | 25000 | 75000 | 50000 | 25000 |
| 10 | മറിയാമ്മ ജോസഫ് കള്ളിക്കാട്ടിൽ പഴവങ്ങാടി | 40306101052435 | 50000 | 25000 | 75000 | 50000 | 25000 |
| | ആകെ | | | | 7,50,000 | 5,00,000 | 2,50,000 |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം 10 ഗുണഭോക്താക്കൾക്ക് അധികമായി നൽകിയ 250000 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/21-02-2022) ലഭ്യമാക്കിയ മറുപടിയിൽ അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. ആയതിനാൽ തുക അധികം കൈപ്പറ്റിയ ലഭിച്ച ഗുണഭോക്താക്കളിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്- റാന്നി | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് (16/21) | 100000 | 0 |
| ജില്ലാ പഞ്ചായത്ത്-പത്തനംതിട്ട് | 954961 | ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി (242/21)-സ്പിൽ ഓവർ | 80000 | 874961 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ട | കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ (19/21) | ബിൽ നം-47 / Dtd 30-03-2021 | 1700000 | - | 1700000 |
| കെ.എസ്.ഇ.ബി റാന്നി | സ്ട്രീറ്റ് മെയിൻ വലിക്കൽ(18/21) | ബിൽ നം-30 / | 1700000 | 1698735 | 1265 |

| | | | | |
|---|---|---|---|---|
| | Dtd 14-12-2020 | | | |
| വിവിധ വാർഡുകളിൽ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (66/21) | ബിൽ നം-46/ Dtd 30-03-2021 | 69939 | - | 69939 |
| തെരുവ് വിളക്കകൾക്ക് മീറ്റർ സ്ഥാപിക്കൽ(20/21) | ബിൽ നം-28 / Dtd 14-12-2020 | 252280 | - | 252280 |
| | ബിൽ നം-38 / Dtd 22-03-2020 | 43224 | - | 43224 |
| സ്ട്രീറ്റ് മെയിൻ വലിക്കൽ (113/21) | ബിൽ നം-22 / Dtd 21-10-2020 | 199868 | - | 199868 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി (KURDFC) | GO(MS)68/2018/ LSGD/18.05.2018 | 5066254 | 4580960 | 541373 | 4039587 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

| സമാഹൃത ഓഡിറ്റ് | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| റിപ്പോർട്ട് വർഷം | | | | |
| 2006-07 | 2000-01 | 2-14 | ബി.ഫണ്ട് ചെലവ് രേഖകൾ ഹാജരാക്കിയില്ല | പരാമർശം നിലനിൽക്കുന്നു |
| 2006-07 | 2001-02 | 2-24 | തനത് ഫണ്ട് ചെലവ് രേഖകൾ ഹാജരാക്കിയില്ല | പരാമർശം നിലനിൽക്കുന്നു |
| 2016-17 | 2014-15 | 2-8 | വസ്തുനികുതി | പരാമർശം നിലനിൽക്കുന്നു |
| 2016-17 | 2014-15 | 2-7 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2017-18 | 2016-17 | 3-1 | ഇട്ടിയപ്പാറ ബസ്സ്റ്റാന്റിനും തീർത്ഥാടക കേന്ദ്രത്തിനും വേണ്ടി സ്ഥലം ഏറ്റെടുത്തത് വൻ ബാദ്ധ്യത ഉണ്ടാക്കി | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്/ സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ | : | 119911418 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 81697284 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 250000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 600000 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 250000 | ശ്രീ.എ.സതീഷ് കുമാർ, വി.ഇ.ഒ |
| **ആകെ** | **250000** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| (1-20) (2) | 600000 | ശ്രീ.എ.സതീഷ് കുമാർ, വി.ഇ.ഒ |
| **ആകെ** | **600000** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എ.സതീഷ് കുമാർ, വി.ഇ.ഒ | സസ്പെൻഷനിൽ | തലപ്പുറത്ത് |

| | | |
|---|---|---|
| | | രാഹുലേയം<br>പന്നിയൂർ പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 4/399/98<br>തീയതി:- 29.09.2000 | - |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 4/340/98<br>തീയതി:- 10.02.1999 | 2-8,9 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/531/98<br>തീയതി:- 10.01.2000/08.02.2000 | 2-10,13 (എ മുതൽ ഡി വരെ) |
| 1998-99(ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി 4/916/07<br>തീയതി:- 13-10-08 | - |
| 1999-2000 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 4/118/01<br>തീയതി:- 28.10.2002/07.01.2003 | - |
| 1999-2000 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി 4/460/08<br>തീയതി:- 31.01.09/30.01.2010 | - |
| 2000-01 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി 4/461/2008<br>തീയതി:- 31-01-09 | - |
| 2000-01 (ജനകീയാസൂത്രണം ഒഴികെ ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/81/2006<br>തീയതി:- 08-08-2006 | |
| 2000-01 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ-പി.4/90/2004<br>തീയതി:- 10-08-2004 | |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4/462/2008<br>തീയതി:- 31-01-2009 | |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/91/2004<br>തീയതി:- 10-08-2004 | |
| 2001-02 (ജ.ആ. ഒഴികെ ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 4/82/2006<br>തീയതി:- 31-08-2006 | 10(2-8, 2-9, 2-11, 2-16, 2-17, 2-18, 2-21(1), 2-25, 2-15, 2-24 |
| 2002-03 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി4/463/2008<br>തീയതി:- 12-02-2009 | - |
| 2002-03 | എൽ.എഫ്.പി.റ്റി.എ- | 10(2-1, 2-2, 2-5, 2-6, 2-9, 2- |

| | | |
|---|---|---|
| (ജ.ആ.ഒഴികെ ചെലവ്) | പി4/15/2007<br>തീയതിഃ- 12-02-2009 | 11, 2-15, 2-17, 2-18, 2-19 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി.5/360/09<br>തീയതിഃ- 4-7-10/22-3-11 | 7(3-3, 3-5(2), 3-5(3),3-5(4), 3-8, 3-9 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.8/944/2010<br>തീയതിഃ- 24-6-11/ 29-7-11 | 7(2-1, 3-3, 3-5, 3-6, 3-7, 3-2, 3-8 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി8/945/10<br>തീയതിഃ- 24-6-11/29-7-11 | 5(2-1, 3-1, 3-2, 3-3, 3-4 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.6/571/12<br>തീയതിഃ- 6-7-12/4-7-13 | 7(3-1, 3-2, 3-5, 3-7, 3-9, 3-10, 3-11 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി 6/567/12<br>തീയതിഃ- 3-9-12/4-7-13 | 18(3-1, 3-3, 3-11, 3-12, 3-13, 3-16, 3-19(1),<br>3-19(2), 3-19(3), 3-19(4),3-19(5),3-19(6),<br>3-10,3-11,3-12,3-2,3-4,3-5 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി 6/568/12<br>തീയതിഃ- 3-9-12/4-7-13 | 7(3-1, 3-3, 3-4, 3-6, 3-7, 3-12, 3-13) |
| 2009-10 | എൽ.എഫ്.പി.റ്റി.എ-പി 6/569/12<br>തീയതിഃ- 1-8-12/4-7-13 | 4(3-1, 3-5, 3-6, 3-7) |
| 2010-11 | എൽ.എഫ്.പി.റ്റി.എ-പി6/570/12<br>തീയതിഃ- 1-8-12/4-7-13 | 6(2-3, 2-4, 3-3, 3-4, 3-9(3), 3-10(2) |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി6/411/14<br>തീയതിഃ- 7-6-14/4-6-15 | 20(1-9, 2-1, 2-2, 2-4, 2-5, 3-1, 3-2, 3-4,<br>3-5, 3-7, 3-8, 3-9,3-10, 3-11, 3-12, 3-13,<br>3-14, 3-15, 3-16, 3-17 |
| 2013-14 & 2014-15 | എൽ.എഫ്.പി.റ്റി.എ-പി6/166/16<br>തീയതിഃ- 16/03/2016 | 20(2-1, 2-3(5), 2-6, 2-7, 2-8, 3-1, 3-2, 3-3,<br>3-6, 3-7, 3-8, 3-9,3-10(2എ), 3-10(2ബി),<br>3-10(2സി), 3-12, 3-14, 3-17, 3-18 |
| 2015-16 | കെ.എസ്സ്.എ/പി.റ്റി.എ/പി6/1211/2016<br>തീയതിഃ- 21.11.2016 | 19(2-1, 2-2(1), 2-2(2), 2-2(3), 2-2(4), 2-4(2),<br>2-7, 2-8, 3-1, 3-2,3-3, 3-4, 3-6, 3-7(1), 3-7(2),<br>3-11, 4-2, 4-8, 4-9 |
| 2016-17 | കെ.എസ്സ്.എ/പി.റ്റി.എ/പി6/1109/2017<br>തീയതിഃ- 16.09.2017/21.11.2016 | 20(1-3, 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-4, 3-5,<br>3-6, 3-8, 310, 3-11, 3-12,-3-13, 4-2, 4-8, 4-9 |
| 2017-18 | കെ.എസ്സ്.എ/പി.റ്റി.എ/പി6/266/2019 | 23(1-12, 2-2, 2-4, 2-5, 2-6, 2-7, 2-8, |

| | | |
|---|---|---|
| | തീയതിഃ- 18.05.2019 | 3-1, 3-2, 3-3,3-4, 3-5, 3-6, 3-7, 3-8, 3-9,3-10, 3-11, 3-12, 3-13, 3-14, 3-15, 3-17 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി.6/711/19 തീയതിഃ- 22.05.2020 | 20(1-10, 1-12, 2-1, 2-3, 2-8, 2-10, 2-11, 2-12, 3-1, 3-2, 3-3, 3-4, 3-8, 3-9, 3-12, 3-14, 3-18, 3-19, 4-2, 4-10 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.),
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്